രണ്ടാം പതിപ്പ്

ബോധി



2022 ജൂൺ

# e-വരാന്ത

ഡിജിറ്റൽ മാസിക

## സെന്റ് പയസ് ടെൻത് കോളേജ് രാജപുരം

ബോധി

e-വരാന്ത

ഡിജിറ്റൽ മാസിക

### കോ-ഓർഡിനേറ്റർ

അതുല്യ കുര്യാക്കോസ്

### എഡിറ്റർ

അഭിത്ത്.എൻ

### എഡിറ്റോറിയൽ ബോർഡ്

അനുപ്രിയ പി ബി
വൈഷ്ണവി ശിവദാസ് പി
ശ്രീഹരി എം
ശ്രീലക്ഷ്മി ഇ
ജിസ്ന വർഗീസ്
ജിതിൻ കൃഷ്ണ
കീർത്തന പി കെ
സീത എ വി
അഭിജിത്ത് എ

### കവർ ഡിസൈൻ

അഗസ്റ്റിൻ ടോം

### രൂപകല്പന

രഞ്ജിത്ത് കെ
730 664 8291

### പ്രസിദ്ധീകരണം

ബോധി കൂട്ടായ്മ,
സെന്റ് പയസ് ടെൻത് കോളേജ്, രാജപുരം

bodhi@stpius.ac.in

# ആശംസ



**ഡോ. എം. ഡി. ദേവസ്യ**
പ്രിൻസിപ്പൽ

അക്ഷരങ്ങൾ ഹൃദയസ്പർശി ആകുമ്പോൾ ഭാഷയ്ക്ക് അതിർവരമ്പുകളില്ല. നവംനവങ്ങളായ ആശയങ്ങൾ ചിന്തയിലും വിരൽത്തുമ്പിലും തൂലികയാൽ നിവർത്തിതമാകും. വരകളായും വർണ്ണങ്ങളായും വർണ്ണനകളായും അവ സ്നേഹതീർത്ഥമായും പാലരുവിയായും സഹജരുടെ ബോധമണ്ഠലത്തെ പ്രോജ്വല മാക്കുകയും ദീപ്തമാക്കുകയും ചെയ്യും.

കാലത്തിന്റെ മഹാപ്രവാഹത്തിൽ, പെറ്റമ്മയെ മറന്നുള്ള സഹജരെ തിരിച്ചറിയാതെ സഹജീവിയെയും പ്രകൃതിയെയും പിറന്ന മണ്ണിനെയും ഭസ്മീകരിച്ചുകൊണ്ടുള്ള പ്രയാണത്തിൽ കാലത്തിന് കാതങ്ങൾ മുൻപേ മിഴിവോടെ ഉണർന്നു സഞ്ചരിക്കുന്നവരാണ് എഴുത്തുകാർ. ഇതൊരു ഓർമ്മപ്പെടുത്തലാണ്, ഇന്നലെകളെ ചേർത്ത് പിടിക്കലാണ്, ഭാവിയെക്കുറിച്ചുള്ള കരുതലാണ്. കാലാനുസൃതമാവാൻ ഡിജിറ്റലാവുന്ന എന്ന് മാത്രം.

ബോധി കൂട്ടായ്മ ഒരുക്കുന്ന e - വരാന്ത ഡിജിറ്റൽ മാഗസിന് ഹൃദയംനിറഞ്ഞ ആശംസകൾ. അണിയറ ശില്പികൾക്ക് ദൈവാനുഗ്രഹം പ്രാർത്ഥിക്കുന്നു.

# എഡിറ്റോറിയൽ



**അഭിത്ത് എൻ**
മൂന്നാം വർഷ ബികോം

ഏതു പ്രതിസന്ധി കാലത്തും പ്രത്യാശയോടെ ചെറുത്തു നിൽക്കുന്നവരാണ് നമ്മൾ. ഒടുങ്ങാതിരുന്ന കോവിഡ് കാലഘട്ടത്തിൽ സർഗ്ഗാത്മകതയും ക്രിയാത്മകതയും കോർത്തിണക്കി നമ്മൾ ഇ – മാസികയ്ക്ക് തുടക്കം കുറിച്ചപ്പോൾ പ്രതീക്ഷയുടെ പുൽനാമ്പുകളാണ് സെന്റ്. പയസിന്റെ മണ്ണിൽ മുളച്ചുവന്നത്. അടഞ്ഞു കിടന്ന ക്ലാസ്മുറികൾ വീണ്ടും തുറന്നപ്പോൾ, വരാന്തകൾ ശബ്ദിച്ചു തുടങ്ങിയപ്പോൾ, കലാലയം പച്ച വിരിച്ചപ്പോൾ ഇ – വരാന്ത രണ്ടാം ഭാഗത്തിലേക്ക് കടക്കുകയാണ്. നിശബ്ദരായ ഒട്ടനേകം പേരുടെ വാക്കുകളും ശബ്ദങ്ങളും ഇതിൽ പതിഞ്ഞിട്ടുണ്ട്. സങ്കീർണതകൾ നിറഞ്ഞ പുതിയ കാലത്തെ ചിത്രങ്ങളിലും അക്ഷരങ്ങളിലും ഇ – വരാന്തയിൽ കൊത്തിവച്ചിട്ടുണ്ട്. ഇവിടെയുള്ള അക്ഷരങ്ങളിൽ നമ്മുടെ വരാന്തയിലേക്ക് കയറിവന്ന ഒരുപാട് പുതിയ മനുഷ്യരുടെ പുഞ്ചിരിയുണ്ട്. അതിന്റെ മറുപുറങ്ങളിൽ വരാന്തയിൽ നിന്ന് പടിയിറങ്ങിയവരുടെ നൊമ്പരങ്ങളുണ്ട്. ഒരു കെട്ടകാലത്തെ വേദന കളെ മറക്കാൻ ഇതിലെ എഴുത്തുകൾക്കും ചിത്രങ്ങൾക്കും കഴിയും. ഇതിലെ കഥകളും കവിതകളും ജീവനുള്ളവയാണ്. മണ്ണിനെ, മനുഷ്യനെ, പ്രകൃതിയെ, കാലത്തെ അതിന്റെ എല്ലാ സ്വഭാവത്തോടും കൂടി ഇ – വരാന്ത അടയാളപ്പെടുത്തുന്നുണ്ട് എന്ന് തന്നെ ഞാൻ വിശ്വസിക്കുന്നു.

പയസ്ഗിരിയുടെ സൗഹൃദവും സന്തോഷവും നിറഞ്ഞ ഈ അക്ഷരോദ്യാനം ഒരിക്കൽകൂടി നിങ്ങൾക്ക് മുമ്പിൽ ഇവിടെ തുറക്കട്ടെ.

**പ്രോത്സാഹനങ്ങളുമായി ബോധിയ്ക്കൊപ്പം എന്നുമുണ്ടായിരുന്ന പ്രിയപ്പെട്ട മാമ്മൻ സാറിനും സരള ടീച്ചറിനും സ്നേഹാശംസകൾ നേർന്നുകൊണ്ട്......**







# @-വരാന്ത


പടവെട്ട് 09
സരിൻ ജിക്സൻ

അരിസ്റ്റോട്ടിൽ മുതൽ പരന്ന ഭൂമി സൈദ്ധാന്തികർ വരെ 10
ജിതിൻ കൃഷ്ണ

REGRET 14
Atulya BK

നുണക്കഥ 15
സീനു അന്ന ജെയിംസ്


തോരാത്ത ഓർമ്മകൾക്കപ്പുറം 16
രേഷ്മ എ

സിനിമ 17
അഭിത്ത് എൻ






Don't question my vulnerability 20
Diya Gijo

ഇര 21
ഡോ. ജിജി കുമാരി ടി

# @-വരാന്ത

**ഒരുത്തി** 22

ഷിംന വി

**This long silence** 24

Anupriya P B

**തക്ഷൻകുന്ന് സ്വരൂപത്തിലൂടെ** 25

അനുശ്രീ മോഹൻ കെ

**ആമി** 27

യദു സോമൻ പി





**മരണപത്രം** 29

അക്ഷയ ടി

**തിരിച്ചു കിട്ടാത്ത വസന്തം** 32

സ്നേഹ ഗണേശൻ

**ഭയം** 33

വൈഷ്ണവി ശിവദാസ് പി

# @ – വരാന്ത


പെണ്ണ് 35
അശ്വതി ടി എ

ഇന്നലെ 36
അനഘ ശാന്തൻ

അവൻ 37
അനുഷ എം എസ്

വിജനവരാന്തകൾ 42
അഞ്ജന പി

മാധ്യമങ്ങളും സമൂഹവും 43
ശ്രീലക്ഷ്മി കെ

നീ 46
കൃഷ്ണപ്രിയ പി കെ

ഫോട്ടോ ഗാലറി 47

കടൽത്തീരത്ത് 49
അഭിനവ് വി

ആത്മഹത്യ 50
മിഥുൻ എം

ഫോട്ടോ ഗാലറി 51

ഞാൻ 53
സ്നേഹ ഗണേശൻ

ജീവന 54
ഹർഷിത് പി ജി

ഇടം 55
പ്രിയ പപ്പൻ കെ



**സരിൻ ജിക്സൻ**
പൂർവ്വ വിദ്യാർത്ഥി

അതിജീവനത്തിന്റെ വന്യതകളിൽ
പല രൂപങ്ങളാകുന്ന തന്റെ തന്നെ
പൊയ്മുഖങ്ങൾ.
ജനിതകതയുടെ കൈമാറ്റങ്ങളിൽ
ഉൾവലിഞ്ഞുപോയ കാടിന്റെ വിളികൾ,
ഒളിഞ്ഞും തെളിഞ്ഞും,
മറഞ്ഞും പിന്തുടരുന്ന
ആത്മകലാപങ്ങളുടെ തുടികൊട്ട്,
എത്ര കാതങ്ങൾ അകലെവരെ നാം
ഇങ്ങനെ വന്യതയുടെ കലാപങ്ങളായി
നമ്മോട് തന്നെ പടവെട്ടും.....





**ജിതിൻ കൃഷ്ണ**
രണ്ടാം വർഷ ഫിസിക്സ്

# അരിസ്റ്റോട്ടിൽ മുതൽ പരന്ന ഭൂമി സൈദ്ധാന്തികർ വരെ

BC 384നും 322നുമിടയിൽ ജീവിച്ചിരുന്ന ഗ്രീക്ക് തത്വചിന്തകനായിരിന്നു അരിസ്റ്റോട്ടിൽ. തത്വചിന്തയിലും മറ്റു ശാസ്ത്ര ശാഖകളിലും സുപ്രധാനമായ സംഭാവനകൾ നൽകിയ അദ്ദേഹം ഗ്രീക്ക് ജനത ലോകത്തിനേകിയ മികച്ച വ്യക്തിത്വങ്ങളിൽ ഒരാളാണ്. അദ്ദേഹത്തിന്റെ പ്രധാനപ്പെട്ട നിരീക്ഷണങ്ങളിൽ ഒന്നായിരുന്നു ഭൂമി കേന്ദ്രം ആയിട്ടുള്ള ഒരു ലോക വ്യവസ്ഥ. അദ്ദേഹത്തിന്റെ അനുമാനങ്ങൾ പ്രകാരം ഭൂമി ആയിരുന്നു ലോകത്തിന്റെ കേന്ദ്ര ബിന്ദു. സൂര്യനും മറ്റു നക്ഷത്രങ്ങളും ചന്ദ്രനുമെല്ലാം ഭൂമിയെ വലം വെക്കുന്നു എന്ന അദ്ദേഹത്തിന്റെ അനുമാനങ്ങൾ ജനപ്രീതിയും നേടിയിരിന്നു.

ഇതേ കാലഘട്ടത്തിൽ തന്നെ ലോകത്തിന്റെ മറ്റു പലയിടങ്ങളിലും മറ്റു പല ലോക മാതൃകകളും വികാസം പ്രാപിക്കുകയും ചെയ്തിരുന്നു. 476 CE യിൽ റോമൻ സാമ്രാജ്യത്തിന്റെ പതനത്തോടെ ഗ്രീക്ക് ചിന്തകൾ ശോഷിച്ചു തുടങ്ങി എന്നിരുന്നാലും അരിസ്റ്റോട്ടിലിന്റെ ലോക മാതൃക റോമൻ കത്തോലിക്ക സഭ സ്വീകരിക്കുകയും മതരാഷ്ട്രീയത്തോട് ഈ അനുമാനങ്ങൾ കൂട്ടിക്കെട്ടുകയും ചെയ്തു. അങ്ങനെ വീണ്ടും ഭൂമി കേന്ദ്ര ബിന്ദു ആയ ലോക മാതൃക ജനങ്ങൾക്കിടയിലേക്ക് പടർന്നു.


അങ്ങനെ ഈ ലോക മാതൃക അതിന്റെ ഉച്ചസ്ഥായിയിൽ നിൽക്കുമ്പോഴാണ് 1514 -ൽ നിക്കോളാസ് കോപ്പർനിക്കസ് 'De Revolutionibus orbium coelestium എന്ന കൃതിയിലൂടെ മറ്റൊരു മാതൃക അവതരിപ്പിക്കുന്നത്. ഭൂമി സൂര്യനെയാണ് ഭ്രമണം ചെയ്യുന്നതെന്നും ദിനരാത്രങ്ങൾ ഉണ്ടാവുന്നത് ഭൂമിയുടെ സ്വയം ഭ്രമണം മൂലമാണെന്നുമുള്ള വിപ്ലവകരമായ പല ആശയങ്ങളും അദ്ദേഹത്തിന്റെ കൃതിയിലുണ്ടായിരുന്നു.

ഈ മാതൃക പിൻപറ്റിയാണ് ഗലീലിയോയും മറ്റു പല ചിന്തകരും ആധുനിക ജ്യോതിശാസ്ത്രത്തിന് അടിത്തറ പാകിയത്. ഇത്തരത്തിലുള്ള ശാസ്ത്ര പുരോഗതികളെ പിന്നോട്ട് വലിക്കാൻ അക്കാലത്ത് മതരാഷ്ട്രീയ ഭരണ സംവിധാനങ്ങൾ ധാരാളം സ്വാധീനം ചെലുത്തിയിരിന്നു. ഗലീലിയോയെ കത്തോലിക്കാ സഭ വിചാരണ ചെയ്ത സംഭവങ്ങളൊക്കെയും ഏവർക്കും അറിയുന്ന താണ്.

ഇതിനെയൊക്കെ അതിജീവിച്ചു കൊണ്ടാണ് ഇന്നത്തെ ശാസ്ത്ര പുരോഗതികളുടെ അടിത്തറ പല ചിന്തകരും പാകിയത്. കാലം പിന്നെയും അതിന്റെ പ്രയാണം തുടർന്നു. റോമൻ സാമ്രാജ്യത്തിന്റെ പതനത്തോടെ ആരംഭിച്ച ഇരുണ്ടകാലഘട്ടത്തിന്റെ അറുതിയോടെ പല ശാസ്ത്ര സാങ്കേതിക പുരോഗതികളും നാം കൈവരിച്ചു.

ജന്മിത്വത്തിൽ നിന്ന് മുതലാളിത്തത്തിലേക്കും അത് വഴി അധി നിവേശങ്ങളും അത് മൂലമുണ്ടായ മാനവരാശി കണ്ടതിൽ വച്ച് വലിയ രണ്ട് യുദ്ധങ്ങളും കഴിഞ്ഞു. ആവശ്യമാണല്ലോ ഏതൊരു കണ്ടുപി ടുത്തത്തിന്റെയും മാതാവ്, യുദ്ധത്തിന്റെ തീവ്രത മൂലം റഡാറുകളും മറ്റു പല യുദ്ധ സാമഗ്രികളും അതിനെല്ലാം പുറമെ ആണവായു ധങ്ങളും വികസിക്കപ്പെട്ടു. രണ്ട് ലോക മഹായുദ്ധ ങ്ങൾക്കും ശേഷമുണ്ടായ ശീതയുദ്ധം മനുഷ്യനെ ചന്ദ്രനിലു മെത്തിച്ചു. ഇങ്ങനെ ലാഭക്കൊതിയിലും അധികാര മോഹത്തിലുമായ സാമൂഹിക സംഘർഷങ്ങൾ ഒരു വിരോധാഭാസമെന്ന പോലെ മനുഷ്യരാശിക്ക് ധാരാളം സംഭാവനകളേകി.

നാം ഇന്നുപയോഗിക്കുന്ന ഇന്റർനെറ്റ് പോലും പ്രതിരോധ സംവിധാനങ്ങൾക്കായി രൂപപ്പെടുത്തിയ ഒന്നിന്റെ ആധുനിക രൂപ മാണ്. ഇത്തരത്തിലുള്ള പല മൂലകാരണങ്ങൾ കൊണ്ടും നാം ശാസ്ത്ര പുരോഗതിയുടെ അത്യുന്നതിയിൽ എത്തി നിൽക്കുന്ന ഒരു കാലഘട്ടമാണിത്. ദിനംപ്രതി സാങ്കേതിക വിദ്യ പുരോഗമിക്കുന്ന ഒരു കാലം. അരിസ്റ്റോട്ടിലിന്റെയും ഗലീലിയോയുടെയും കോപ്പർനി ക്കസിന്റെയുമൊക്കെ കാലം നൂറ്റാണ്ടുകളും സഹസ്രാബ്ദങ്ങളും പിന്നിലാണ്. എന്നിരുന്നാലും അത്രത്തോളം പഴയ ചിന്താധാര വച്ച് പുലർത്തുന്ന ഒരു വലിയ ജനവിഭാഗം നമ്മുടെ ഇടയിലുണ്ടെന്ന നിരാശജനകമായ ഒരു സത്യാവസ്ഥ കൂടി നമ്മുടെ മുന്നിലുണ്ട്. പുരാണങ്ങളും ഇതിഹാസങ്ങളും മതഗ്രന്ഥങ്ങളും ദുർവ്യാഖ്യാനം ചെയ്ത് ചരിത്രത്തെയും നാം കൈവരിച്ച പുരോഗതിയെയും അസാധുവാക്കാൻ ശ്രമിക്കുന്ന ഒരു പറ്റം മനുഷ്യർ. ഇക്കൂട്ടത്തിൽ പ്രമുഖരാണ് പരന്ന ഭൂമി സൈദ്ധാന്തികർ. ഭൂമി പരന്നതാണെന്നും സൂര്യനും ചന്ദ്രനും മറ്റു നക്ഷത്രങ്ങളും ഭൂമിയുടെ മുകളിലൂടെ സഞ്ചരിക്കുന്ന ചെറിയ പ്രകാശ സ്രോത സുകൾ ആണെന്നും അങ്ങനെ ഏറെക്കുറെ അരിസ്റ്റോട്ടിലിന്റെ ലോക വീക്ഷണം വെച്ച് പുലർത്തുന്ന നമ്മളെ രണ്ടായിരം വർഷം പുറകോട്ട് വലിക്കുന്ന ചിലർ. അസംബന്ധങ്ങളായ വാദഗതികളും തെളിവിനായി മതഗ്രന്ഥങ്ങളെ ഉദ്ധരിക്കുകയും ചെയ്യുന്ന ഇവർ യുക്തിയും ശാസ്ത്രചിന്തയും തീവ്രവിശ്വാസം മൂലം നഷ്ടപ്പെട്ട് പോയവരാണ്. നമ്മുടെ ഭാരതത്തിൽ ഏറെക്കുറെ ഇത്തരക്കാർ ഇല്ലാ എന്ന് തന്നെ പറയാം. നമ്മുടെ ആദ്യകാല ജ്യോതിശാസ്ത്രജ്ഞരോ ടാണ് അതിന് നാം കടപ്പെട്ടിരിക്കുന്നത്. എന്നിരുന്നാലും 'Flat earth theorist' കളോട് കിടപിടിക്കാൻ എന്ന വണ്ണമുള്ള അസംബന്ധങ്ങൾ പലതുമുണ്ട് നമ്മുടെ രാജ്യത്തും. ഈ അടുത്ത കാലത്ത് ഉണ്ടായ 'പുഷ്പകവിമാന വിവാദം' അതിനൊരുദാഹരണം മാത്രമാണ്.



2000 വർഷങ്ങൾക്ക് മുമ്പ് അരിസ്റ്റോട്ടിലിന്റെ നിരീക്ഷണങ്ങളിൽ ചിലത് വസ്തുതാ വിരുദ്ധമായിരുന്നെങ്കിലും അദ്ദേഹം ജീവിച്ചിരുന്ന കാലഘട്ടത്തെ സംബന്ധിച്ചിടത്തോളം അദ്ദേഹം നൽകിയ സംഭാവനകൾ വിലമതിക്കാനാവാത്തതാണ്. എന്നാൽ ഇന്ന് വിവരസാങ്കേതിക വിദ്യയും അനന്തമായ വിജ്ഞാന സ്രോതസുകളും ലഭ്യമായ ഈ കാലത്തും അജ്ഞതയോടെ ശാസ്ത്രനിഷേധി കളാവുന്ന ഒരു ജനത പരിതാപകരമായ ഒരവസ്ഥയാണ്. കാലമെത്ര മാറിയാലും എത്ര നാം മുമ്പോട്ട് കുതിച്ചാലും നമ്മെ പിന്നോട്ട് വലിക്കാനുള്ള ശക്തികൾ ഉണ്ടായിക്കൊണ്ടേയിരിക്കും. അത്തരമൊരവസ്ഥയിൽ യുക്തിചിന്തയും അന്വേഷണാത്മകമായ ത്വരയും വിവരങ്ങൾ തെറ്റും ശരിയും വേർതിരിച്ചു സ്വീകരി ക്കാനുള്ള കഴിവും വളർത്തിയെടുക്കേണ്ടത് ഈ കാലത്തിന്റെ ആവശ്യകതയാണ്.

●



**Athulya K**
II DC BBA

# REGRET

A Bundle of Joy
A Bundle of Sorrows in my Bag
I walk around like a Lost Child
It was just a mere Shadow of mine
tangling with me all the time.
With a handful of Hope I look around
But no one to be seen even at far
I Question myself, Why Me?
Is it because you want me to be alone
Quarreling with my mind all Day and Night.
With an expectation to move forward
What is it that keep poking me?
Alas! I couldn't find an answer.
The only thing is a simple girl's desire to reach her Goal
But when I Turn Back

## I Regret

# നുണക്കഥ



**സീനു അന്ന ജെയിംസ്**
കമ്പ്യൂട്ടർ സയൻസ്

നടത്തത്തിന്റെ വേഗത കൂടും തോറും അവളിലെ അരിശവും കൂടി വന്നു. ഒരിക്കൽ നടന്നു തീർത്ത വഴികളാണ്. ഇനിയൊരിക്കലും ഇതിലേ നടക്കരുതെന്ന് ആഗ്രഹിച്ചതാണ്. പക്ഷെ വീണ്ടും. ഉള്ളിലെ ദേഷ്യവും അരിശവും ഒക്കെ പുറത്ത് വന്നത് കണ്ണിലൂടെയായിരുന്നു. ഈ വഴികളെ, ഈ നടത്തത്തെ അവൾ വെറുത്തിരുന്നു. ഇത് ചെന്നവസാനിക്കുന്നത് അവർക്കരികിലാണ്. മുത്തശ്ശി അതോർക്കുമ്പോഴേക്കും അരിശം ഇരട്ടിച്ചു. വെറുതെ പറഞ്ഞു നടക്കുന്ന നുണകളുടെ കൂടാരമാണവർ. അവളോർത്തു. ആ നുണയിൽ തട്ടി എത്ര പേരാണ് വീണു പോയത്. എത്ര കണ്ണികളാണ് അകന്നു പോയത്. പ്രിയപ്പെട്ട പലതിനെയും തമ്മിൽ പിരിച്ചിട്ടുണ്ട്. പല രാത്രികളും കണ്ണീരിൽ കുതിർന്നിട്ടുണ്ട്. തലയ്ക്കു ചുറ്റും പറക്കുന്ന നുണകളിൽ നിന്നും ഓടി ഒളിക്കാൻ കൊതിച്ചിട്ടുണ്ട്. തോക്കും ബോംബും ഒന്നും നുണകൾക്ക് മുന്നിൽ ഒന്നുമല്ലെന്ന് തോന്നിപ്പോയിട്ടുണ്ട്. നുണകളിൽ തട്ടി മുന്നോട്ട് നീങ്ങാൻ പറ്റാതെ കുടുങ്ങിയപ്പോഴാണ് വഴി മാറ്റിയത്. ഈ വഴിയിലൂടെയുള്ള നടത്തം വേണ്ടെന്ന് വെച്ചത്. വെറുപ്പിനെക്കാളും മാരകമായ മടുപ്പ് ആ നുണകളോട് തോന്നിയിട്ടുണ്ട്. ആ വഴിയിലൂടെയാണ് വീണ്ടും നടക്കുന്നതെന്ന് ഓർക്കുമ്പോൾ ഓർമ്മകളും അരിശവും കലിതുള്ളി പെയ്യുകയാണ്. അവസാന കൂടികാഴ്ചയാണിതെന്നു മനസിലുറപ്പിച്ചിരുന്നു. എങ്കിലും ഈ വരവ് വേണ്ടിയിരുന്നോ എന്ന് പലാവർത്തി ആലോചിച്ചു. തിരിച്ചു നടക്കാൻ തോന്നാത്ത വിധത്തിൽ ലക്ഷ്യം അടുത്തായത് കൊണ്ട് മുന്നോട്ട് തന്നെ നടന്നു. കണ്ടു! കണ്ട മാത്രയിൽ അവർ ഓടിയെത്തി കെട്ടിപിടിച്ചു. നിർവികാരതയോടെ അവൾ എല്ലാത്തിനെയും നേരിട്ടു. എല്ലാത്തിനും ഒടുവിൽ, തിരിച്ചിറങ്ങാൻ നേരം ''നിന്നിലൂടെ ഞാൻ തുടരുകയല്ലേ... നീ എന്റെ പേരു കാരിയല്ലേ..'' എന്നു പറഞ്ഞു തന്ന മുത്തം തലയിലെ മാറാത്ത മുഴയായി അവൾക്ക് തോന്നി. അതിനിടയിൽ താഴേക്കു വീണ പത്രമോഫീസിലെ ഐഡി കാർഡ് ധൃതിയിൽ എടുത്ത് ബാഗിൽ വെച്ച് അവൾ തിരികെ നടന്നു. നുണക്കഥകളുടെ ആ വഴിയിലൂടെ....



# തോരാത്ത ഓർമ്മകൾക്കുമപ്പുറം



**രേഷ്മ എ**
രണ്ടാം വർഷ ഡെവ.
ഇക്കണോമിക്സ്

പെയ്തു തീർന്ന മഴയുടെ സ്പന്ദനം
മാറ്റൊലി പോൽ മനസ്സിൻ കോണിലെവിടെയോ
സ്മരണകൾ പലതും തോരാതെ,
കാർമേഘം പോൽ പെയ്യാൻ വിതുമ്പി നിൽക്കുന്നു.
മഴയുടെ ധ്വനികൾക്കിടയിൽ എന്തോ,
ഓർമ്മകൾക്കെല്ലാം സ്വരം നഷ്ടപ്പെട്ടിരിക്കുന്നു.
ഓരോ തവണ മനസിൻ മടിത്തട്ടിലേക്ക്
ആർത്തലച്ച് പെയ്തിറങ്ങുമ്പോഴും,
നീയെന്നിൽ ഒരാശ്ചര്യപ്പെടുത്തുന്ന–
നോവായി തീരുന്നതിനുമപ്പുറം,
നിന്റെ ഓർമ്മകൾ ഇന്നും മഴചാറ്റുകൾക്കിടയിൽ,
നനയാതെ, അന്ധകാരത്തിൻ മിഴിയിൽ
എരിഞ്ഞു തീരുന്നു...
ഒരു വിളിപ്പാടിനപ്പുറം, ഇന്നും നിന്റെ
പരിഭവം ഈ ഉമ്മറപടിയിലിരുന്ന്
ഞാൻ തീർത്തുക്കൊണ്ടിരിക്കുകയാണ്.
നീ ഓരോ തവണ വിതുമ്പി പെയ്യുമ്പോഴും,
നീയാകുന്ന ഓർമ്മകൾക്ക് മിഴിവേറുകയാണ്.
കഴിഞ്ഞ വർഷത്തെ നാം ഒരു കുടക്കീഴിൽ
വരവേറ്റ്, ഈ വർഷക്കാലം അതേ കുടക്കീഴിൽ
നീയെന്നെ തനിച്ചാക്കി പെയ്തൊഴിയുകയാണോ....?
ഏറെ കരഞ്ഞ മുകിലിന് മഴവില്ലായ്
നീ മാറീട്ടും നീയെന്താണ്
എന്നോട് മിണ്ടാതെ മിണ്ടിയത്..?
കാത്തിരിക്കാം ഇനിയും ആ മഴയ്ക്കായ്,
കൽവിളക്കാകും മിഴിയിലെ എണ്ണ തീരും വരെ,
തോരാത്ത ഓർമ്മകളുമായ്.






**അഭിത്ത് എൻ**
മൂന്നാം വർഷ ബികോം

# സിനിമ

കാണാനുള്ള ആർത്തി ഭ്രാന്തിനു തുല്യമാണെന്നും അതൃപ്തിയിൽ നിന്നാണ് ആ ഭ്രാന്തുണ്ടാകുന്നതെന്നും ട്രൂഫോ പറയുന്നുണ്ട്.

ആൽഫ്രഡ് ഹിച്കോക്കിന്റെയും സ്റ്റീവൻ സ്പീൽബെർഗിന്റെയും അസ്ഗർ ഫർഹാദിയുടെയും അകീറ കുറോസോവയുടെയും സിനിമകൾ കണ്ടു വളർന്ന ഒരു സമൂഹത്തിലാണ് നാം സിനിമ കളെപ്പറ്റി സംസാരിക്കുന്നത്. ലോകസിനിമകളിൽ വിഖ്യാതരായ സംവിധായകരുടെ ലിസ്റ്റ് എടുത്താൽ അതിൽ ഇന്നറിറ്റ്യു, മാർട്ടിൻ സ്കോർസെസി, വോങ്ങ് കാർവായ് മുതൽ ഡേവിഡ് ഫിഞ്ചർ, നോളൻ, ഡെനി വിൽനോവ്, രാജ്കുമാർ ഹിറാനി വരെ നമ്മുക്ക് കാണാൻ സാധിക്കും. ഈ ലിസ്റ്റ് ഇനിയും ഒരുപാടു നീണ്ടുപോവും. ലോകസിനിമാനിലവാരത്തിലേക്ക് ഇന്ന് ഇന്ത്യൻ സിനിമകൾക്ക് ഉയരാൻ കഴിയുന്നുണ്ട് എന്നതാണ് വാസ്തവം.

അതിനു ഇന്ന് ഇന്ത്യൻ സിനിമ സംവിധായകർ വഹിക്കുന്ന പങ്ക് വളരെ വലുതാണ്. സിനിമയെ വെറും വാണിജ്യമായി കണ്ടിരുന്ന ഒരു കാലത്ത് നിന്നാണ് ഇന്നീ കാണുന്ന ഒരു ന്യൂജൻ സിനിമശൈലി യിലേക്ക് ഇന്ത്യൻ സിനിമ വ്യതിചലിച്ചുകൊണ്ടിരിക്കുന്നത്. അതിൽ എടുത്ത് പറയേണ്ടത് മലയാളം-തമിഴ് സിനിമ മേഖലെയെയാണ്. കർണൻ, പരിയേറും പെരുമാൾ, അസുരൻ, കള, ജോജി, ജയ് ഭീം, കുമ്പളങ്ങി നൈറ്റ്സ്, നായാട്ട് തുടങ്ങിയ സിനിമകൾ ഇതിനു വ്യക്തമായ ഉദാഹരണങ്ങളാണ്. സമൂഹത്തിലെ ജാതിമത രാഷ്ട്രീയ ചിന്തകളെ എടുത്തുകാണിക്കുന്ന സിനിമകളാണിവ.

മലയാളസിനിമ നാം ജീവിക്കുന്ന കാലത്തെ അടയാളപ്പെടുത്തുകയാണെന്നാണ് പ്രമുഖ ബോളിവുഡ് സംവിധായകൻ അനുരാഗ് കശ്യപ് 26-ാമത് കേരള രാജ്യാന്തര ചലച്ചിത്രമേളയുടെ ഉദ്ഘാടന ചടങ്ങിൽ സംസാരിച്ചത്. സിനിമകൾ നിരന്തരമായി ഓഡിറ്റ് ചെയ്യപ്പെടുന്ന ഈ കാലഘട്ടത്തിലാണ് അടുത്തിടെ




ഇറങ്ങിയ പുഴു, ജനഗണമന, എന്നീ സിനിമകൾ ചർച്ചയാവുന്നതും. അതിൽ വലിയ വിപ്ലവം സൃഷ്ടിച്ച ഒന്നാണ് ഡിജോ ജോസ് ആന്റണി സംവിധാനം ചെയ്ത ''ജനഗണമന.''

സിനിമയുടെ രാഷ്ട്രീയം തന്നെയാണ് പ്രാധാന്യമർഹിക്കുന്നത്. ഇന്ത്യൻ ജനാധിപത്യത്തെയും നവമാധ്യമപ്രോപഗണ്ടയെയും സിനിമ നന്നായി വിമർശിക്കുന്നുണ്ട്. വിദ്യാഭ്യാസസ്ഥാപനങ്ങളിലെ ജാതി വിവേചനങ്ങളെയും സിനിമ തുറന്നുകാട്ടുന്നുണ്ട്. രാജ്യസഭാംഗം എ. എ. റഹിം ജഗണമനയെപറ്റി പറഞ്ഞതിങ്ങനെയാണ്. ''ജനഗണമന അസാധാരണ കാലത്തെ സാധാരണ മനുഷ്യരുടെ ശബ്ദമാണ്. ഈ രാജ്യത്തിന്റെ ഹിംസാത്മകമായ രാഷ്ട്രീയവും അതുൽപ്പാദിപ്പിക്കുന്ന അനീതിയുമാണ് ഈ സിനിമയുടെ റഫറൻസ്. അതാണ് ഈ സിനിമയുടെ ധീരസൗന്ദര്യവും.'' ജനഗണമന ഇന്ത്യൻ സിനിമയിലെ ഒരു പോരാട്ടമാണെന്ന് നിസ്സംശയം പറയാം.

ഇന്ന് ഏറെ ചർച്ച ചെയ്യപ്പെടുന്ന മറ്റൊരു ചിത്രമാണ് രത്തീനയുടെ സംവിധാനത്തിൽ ഒ. ടി. ടി റിലീസ് ചെയ്ത 'പുഴു.'

''മനുഷ്യൻ പോയി റോബോട്ട് വന്നാലും ഈ പരിപാടി അങ്ങനൊന്നും മാറൂല്ലടോ'' എന്ന പുഴുവിലെ കുട്ടപ്പൻ എന്ന വ്യക്തിയുടെ ഡയലോഗ് ഏറെ പ്രസക്തിയാർജിക്കുന്നതാണ്. സമൂഹത്തിലെ ജാതിവ്യവസ്ഥയെ നല്ലവണ്ണം ചൂണ്ടികാണിക്കുന്ന സിനിമയാണ് 'പുഴു.'

'പുഴു' മുന്നോട്ട് വച്ച രാഷ്ട്രീയം മാത്രമല്ല സംസാരമായിട്ടുള്ളത്.


മമ്മൂട്ടി, അപ്പുണ്ണി ശശി എന്നിവരുടെ പ്രകടനമാണ് അതിനേക്കാൾ ശ്രദ്ധയാകർഷിച്ചത്. മലയാള സിനിമയിൽ നായകന്മാരുടെ ഒരു പരിവർത്തനമാണ് ഇക്കാലമത്രയും കണ്ടുകൊണ്ടിരുന്നത്.

'പുതിയ സിനിമയിലെ നായകന്മാരെ നോക്കൂ, അവരെല്ലാം **castrated heroes** ആണ്. അവരിൽ മിക്കവാറുമെല്ലാവരും ഭീരുക്കളാണ്, രോഗികളാണ്, ഷണ്ഡന്മാരാണ്. കടക്കാരാണ്, ബലഹീനരാണ്' എന്ന് ചലച്ചിത്ര നിരൂപകൻ സി. എസ്. വെങ്കിടേശ്വരൻ പറയുന്നുണ്ട്. ഇത് തന്നെയാണ് 'പുഴു'വിലും നമുക്ക് കാണാൻ സാധിക്കുന്നത്. സിനിമകൾ സഞ്ചരിക്കുന്ന വഴികളാണ് കൂടുതൽ അതിനെ അത്ഭുതമാക്കുന്നത്.

ഇന്ത്യൻ സിനിമയിൽ തന്നെ കഴിഞ്ഞ ഒരു പതിറ്റാണ്ടായി വന്ന മാറ്റം ചെറുതൊന്നുമല്ല. രചന, സംവിധാനം, എഡിറ്റിംഗ്, ഛായാഗ്രഹണം, സംഗീതം, കഥ, കഥാപശ്ചാത്തലം, കഥാപാത്രങ്ങളുമെല്ലാം നവീകരിക്കപെട്ടുകൊണ്ടിരിക്കുകയാണ്.

ചിത്രങ്ങളുടെ ആഖ്യാനരീതിയിൽ, അവതരണരീതിയിൽ, വേഷങ്ങളിൽ തലമുറ മാറ്റം സംഭവിച്ചുവരികയാണ്. തീയറ്റർ സിനിമകളിൽ നിന്നും പ്രേക്ഷകർ ഒ. ടി. ടി സിനിമകളെ കൂടി വരവേൽക്കാൻ തുടങ്ങിയിരിക്കുന്നു. ഓൺലൈൻ സിനിമ വ്യവസായം പുത്തൻ സാധ്യതകളെയാണ് തുറന്നു കാട്ടുന്നത്. അവിടെയും സിനിമ ആസ്വാദനത്തിന്റെ മികവ് പുലർത്തുന്നത് എക്കാലവും തീയ്യേറ്ററുകൾ തന്നെയാണെന്ന് തെളിയിക്കുകയാണ് കെ ജി എഫ്, വിക്രം പോലെയുള്ള സിനിമകൾ. എക്കാലവും സിനിമകൾ ഇതുപോലെ ആഘോഷിക്കപെടുകയും ചർച്ച ചെയ്യപ്പെടുകയും വിമർശിക്കപ്പെടുകയും ചെയ്യും. എന്തെന്നാൽ അവ മനുഷ്യമനസ്സുകളിൽ അത്രമേൽ ഇടം പിടിച്ചിട്ടുണ്ട്. എല്ലാതരം സിനിമകളും ഇവിടെ ജനിക്കട്ടെ. അത് വിഷാദത്തിലായവർക്കും പോരാടുന്നവർക്കും അടിച്ചമർത്തപെടുന്നവർക്കും തണലാകട്ടെ. എന്തെന്നാൽ സിനിമകൾ ചിലർക്ക് ലിബറേഷൻ കൂടിയാണ്.

●





**Diya Gijo**
II DC Physics

Don't question my vulnerability
I am my own stranger,
Seeking  my destiny
Escaping from the darkness
that is slowly swallowing me
But then realizing darkness is better
than a masked human

# ഇര



**Dr. Jiji Kumari.T**
Associate Professor & Head,
P.G. Department of Economics

പാദസ്പർശ ക്ഷമ സ്വമേ... ഭൂമിദേവി... മാതാവേ... നിന്റെ നെഞ്ചിൽ ചവിട്ടി നിൽക്കുന്നതിന് ക്ഷമിക്കണേ. എത്ര സുന്ദരമായ മാതൃവന്ദനം. അതെ പൗരാണികാചാര്യന്മാർ നമുക്ക് പകർന്നു തന്ന നന്മ. ഭൂമിയെ അമ്മയെ പോലെ സ്നേഹിക്കുക, കാരണം എത്ര തന്നെ നമ്മൾ അമ്മയെ തള്ളി പറഞ്ഞാലും, തിരിച്ച് ഒരു ശാപവാക്ക് പോലും പൊഴിക്കാതിരിക്കുന്നവൾ. കവി വർണ്ണനകളിൽ പ്രകീർത്തിക്കും വിധം കാമുകിയായും, പത്നിയായും, പ്രണയിനിയായും, ദേവിയായും, സഹോദരിയായും, വിരഹിണിയായും ഭൂമി അവതരിക്കപ്പെടുമ്പോൾ, ഇന്നിന്റെ മക്കൾ അവളുടെ മേൽ നടത്തപ്പെടുന്ന പച്ചയായ ബലാൽ ക്കാരങ്ങൾ, പ്രകൃതിയുടെ അടിവേരിളക്കുന്ന, കശക്കിയെറിയുന്ന, പൂർണ്ണമായും ഉന്മൂലനം ചെയ്യപ്പെടുന്ന തരത്തിലേക്ക് ഹേതുവാകുന്നു. പുഴകളും, തോടുകളും നികത്തുമ്പോൾ, മരങ്ങളും, കുന്നുകളും പിഴുതെറിയപ്പെടുമ്പോൾ, കിളച്ച് മറിക്കുമ്പോൾ ഇരയാക്കപ്പെടുന്നു ഭൂമി... അതിന്റ എല്ലാ അർത്ഥത്തിലും... വികസനത്തിന്റെ പേരിലുള്ള ഇത്തരം ഇരയാക്കപ്പെടലുകളിൽ ഇടപെടാനാവാതെ, പരാതിയില്ലാതെ എത്ര നാൾ... ശബ്ദമുയർത്തിയേ പറ്റൂ! കൊടുങ്കാറ്റായ്, പേമാരിയായ്, വരൾച്ചയായ്, നിപയായ്, ഒടുവിലിതാ കൊറോണ എന്ന മഹാമാരിയുടെ വകഭേദമായ് സംഹാര താണ്ഡവമാടാൻ തുടങ്ങിയിരിക്കുന്നു. "പെണ്ണൊരുമ്പെട്ടാൽ ബ്രഹ്മാവിനും" - അതെ. ഇരയാക്കപ്പെടുന്ന ഭൂമി പ്രതികരിച്ചു തുടങ്ങിയിരിക്കുന്നു. അള മുട്ടിയാൽ ചേരയും കടിച്ചു തുടങ്ങും എന്ന പഴമൊഴി ശരിവെക്കുന്ന വിധം ഭൂമി എന്ന " പെണ്ണിന്റെ " പ്രതികരണം കാലത്തിന്റെ ആവശ്യം ഓർമ്മിപ്പിക്കുന്നു.

# ഒരുത്തി



**ഷിംന വി**
രണ്ടാം വർഷ
മൈക്രോബയോളജി

പൊട്ടിമുളച്ചതല്ലവൾ
ഞെട്ടറ്റ് വീണതുമല്ല,
ഭ്രൂണത്താൽ പിറന്നതാണവൾ
ഒൻപത് മാസത്തെ ഉൾക്കരുത്താൽ
ഭൂമിയെ ചുംബിച്ചവൾ.

ഉറ്റുനോക്കി ആയിരങ്ങൾ
ലിംഗനിർണയത്തിനായി.
'പെണ്ണാ....' സമ്പൂർണം!

അന്ധകാരത്തിലെ കാക്കയെപ്പോലെ
നിലാവിലെ ചിറകൊടിഞ്ഞ ചിരി.
ബാല്യമവൾക്ക് ഭാരമേറിയതല്ലായിരുന്നു
എന്നാൽ മുന്നോട്ടാഞ്ഞ ചക്രത്തിലെ
ആരക്കാലുകൾക് ഭാരം ഏറി വന്നു

ഇലപൊഴിയും വനങ്ങളായി
ആരക്കാലുകൾ ഓരോന്നും
അടർന്നു വീണു.

ഏറിയൊരാ കൗമാരത്തിൻ
ചുറുചുറുക്കും സ്വരമാധുര്യവും
നഗ്നമാം നിഴലിലേക്ക് ഉൾവലിച്ചു
കൊലച്ചിരികൾക്കും കത്തിമുനയ്ക്കും
മുന്നിൽ അവളുടെ തേങ്ങൽ
തിളയ്ക്കുന്ന ചുടുചോരയ്ക്കു സാമ്യം.



അവിശ്വസനീയതയുടെ പാദ സ്വരത്തിനായി
കാതൂർപ്പിച്ചു
പറന്നിറങ്ങിയ മാലാഖതൻ
കരങ്ങളാൽ
അപൂർണമാം സുരക്ഷിതയാണവൾ
പകച്ചുപോയൊരാ നിമിഷം വികാരഭരിതയാണവൾ
പറന്നിറങ്ങിയ മാലാഖതൻ മടക്കം ശൂന്യതയിലേക്കോ...?

തളർന്നില്ല അവൾ
തളർത്താൻ കഴിഞ്ഞതുമില്ല
തളർത്തിയവരെ എന്നേക്കുമായി തളച്ചുകെട്ടി
ഫിനിക്സ് പക്ഷിയാലേ ഉയർത്തെണീറ്റു
ആരക്കാലുകൾ പൂർണം
ചിറക് വിരിഞ്ഞൊരാ ചിരി

ആരാഞ്ഞവൾ ശൂന്യതയിലേക്കെറിഞ്ഞ
ഘാതകർക്ക് മുന്നിൽ.
ധീരതയോടെ
നവീനതയോടെ
നാളെയുടെ ഉൾക്കരുത്തായി...



# This long silence

This long silence
Immensely sharp
Pierce deep in heart
And flummoxes
“To be or not to be”.
Unanswered questions
Linger in overplus
Weighs among them most
The inability to speak out.

I feel at times like Hazel
In “Fault in our Stars”
This “granade” is incongruous
This silence is torturous
Words can create wonder but
I wonder how to create words
To hinder this silence.

Misfortune came my way
Misery in your too
We could have made it lighter
But silence deemed greater
Blinded altogether
The me in you and you in me
In this fake blindness
Now we take refuge
And since it seems safe
We move on.....



**Anupriya P. B.**
HoD, Department of
English



# തക്ഷൻകുന്ന് സ്വരൂപത്തിലൂടെ



**അനുശ്രീ മോഹൻ കെ**
രണ്ടാം വർഷ
മൈക്രോബയോളജി

പ്രമേയത്തിലൂടെയും അവതരണത്തിലൂടെയും വായനക്കാരന്റെ മനസ്സ് കീഴടക്കുന്ന കൃതിയാണ് യു. കെ. കുമാരന്റെ തക്ഷൻകുന്ന് സ്വരൂപം. തക്ഷൻകുന്ന് സ്വരൂപം ഒരു ദേശചരിത്രമാണ്. പൊറ്റക്കാടിനും എം.ടി.ക്കും തകഴിക്കും ശേഷം കേരളീയ പരിസരത്ത് നിന്ന് കൊണ്ട് എഴുതപ്പെട്ട ശ്രദ്ധേയമായ നോവലാണ് തക്ഷൻകുന്ന് സ്വരൂപം. ബാല്യവും കൗമാരവും യൗവനാരംഭവും ചെലവഴിച്ച തന്റെ ചെറിയ ദേശത്തിന്റെ കാല വിസ്തൃതിയെ ചരിത്രത്തിന്റെയും ഭാവനയുടെയും അകമ്പടിയോടെ ഹൃദ്യമായി ആവിഷ്കരിക്കുകയാണ് അദേഹം ഈ നോവലിൽ.

അക്ഷരജ്ഞാനമില്ലാത്ത രാമർ എന്ന കഥാപാത്രത്തിലൂടെ,അയാളുടെ ഓർമകളിലൂടെ , അനുഭവങ്ങളിലൂടെയാണ് യു.കെ. കുമാരൻ നോവൽ മുന്നോട്ട് കൊണ്ടുപോകുന്നത്. ഒന്നുമില്ലായ്മയിൽ നിന്ന് കഠിനപ്രയത്നത്തിലൂടെ ഉയർന്നു വന്ന വ്യക്തിയാണ് രാമർ. ആധുനിക സമൂഹത്തിന് മാതൃകയാകാവുന്ന കഥാപാത്രം. നിരക്ഷരതയിൽ നിന്നും സാക്ഷരതയിലേക്കുള്ള പ്രയാണത്തിൽ തന്റെ അപകർഷതാ ബോധത്തെ തിരസ്കരിച്ച് കരുത്തുറ്റവനായി രാമർ വളർന്നുവരുന്നു.

രാമറിന്റെ ഭാര്യ കല്യാണി മലയാള നോവലിലെ ശക്തമായ സ്ത്രീ കഥാപാത്രങ്ങളിലൊന്നാണ്. രാമറിന്റെ ലജ്ജാശീലം മാറ്റിയെടുക്കുന്നത് കല്യാണിയാണ്. കല്യാണിയുടെ ഒരൊറ്റ വാക്കിൽ നിന്ന് ഊർജം ഉൾക്കൊണ്ട് ദേശീയ സമരത്തിന്റെ പ്രവർത്തകനും പ്രഭാഷകനുമായി രാമർ വളർന്നു.




രാമറിനോളം തന്നെ ശക്തമായ കഥാപാത്രമാണ് തുന്നൽക്കാരൻ കുഞ്ഞിക്കേളു. ശക്തമായ നിലപാടുകളും പ്രവർത്തനങ്ങളുമായി നോവലിലുടനീളം നിറഞ്ഞു നിൽക്കുന്നു.

നോവലിലൂടെ എഴുത്തുകാരൻ ബ്രിട്ടീഷ് ഇന്ത്യയിലെ സാമൂഹിക, സാമ്പത്തിക , സാംസ്കാരിക ജീവിതം ചർച്ച ചെയ്യുന്നു. അക്കാലത്ത് കേരളം അനുഭവിച്ച അസ്വാതന്ത്ര്യത്തിന്റെയും ജാതീയതയുടെയും നേർക്കാഴ്ചയാവുന്നുണ്ട് നോവൽ. സ്വന്തം നിലപാടുള്ള ശക്തമായ സ്ത്രീ കഥാപാത്രങ്ങൾ നോവലിനെ വേറിട്ട് നിർത്തുന്നു. ഗാന്ധിജി, കെ. കേളപ്പൻ തുടങ്ങിയ മഹാരഥൻമാർ നോവലിൽ കഥാപാത്രങ്ങളായി എത്തുന്നു. ആഗോളീകരണ യുദ്ധങ്ങളുടെ നിശബ്ദ ഇരകളാകേണ്ടി വരുന്ന ഇന്ത്യയുടെ പട്ടിണി, ദാരിദ്ര്യം തുടങ്ങിയവ നോവൽ ചർച്ച ചെയ്യുന്നു.
ലളിതവും സുന്ദരവുമായ ഭാഷയിൽ, സുഗമമായി വായിക്കുവാൻ പറ്റുന്ന രീതിയിലുള്ള മനോഹരമായ ആഖ്യാനമാണ് നോവലിന് . വായനക്കാർക്ക് ഏവർക്കും വേറിട്ടൊരു വായനാനുഭവം നൽകുവാൻ ഈ കൃതിക്ക് സാധിക്കുന്നു.

●

# ആമി






**യദു സോമൻ പി**
ഒന്നാം വർഷ
ലൈഫ് സയൻസ്


**ആമി! എന്നിലെ നീർമാതളപ്പൂ മൊട്ടുകളെന്നു**
**നീ കവർന്നതെന്നെനിക്ക്  അറിയില്ല**
**എങ്കിലും നിന്നിലെ പ്രാണന്റെ പാതിയായി പൂക്കാനാണെന്ന് നിനയ്ക്കാം.**
**നീർമാതളപ്പൂക്കൾ കേവലമെങ്കിലും,**
**കമലേ, നീയെന്നുമെന്നിലെയടരാ കിനാവിന്റെ ഋതുവായിരുന്നു.**
**നിൻ സ്ത്രൈണാനുഭവങ്ങളിൽ ഞാനൊന്നു മെല്ലെ ചാഞ്ചാടിയെങ്കിലും,**
**മാധവി, നിൻ മുടിയിഴകളിൽ**
**തഴുകിയുരുകുവാനെൻ കരങ്ങൾക്ക് ആശ്ചര്യമേറെയായിരുന്നു.**
**ജീവനറ്റ, നിശ്ചലമാം ആ സ്മരണകൾ,**
**നിന്നെ തേടിയെൻ വഴികളിൽ അപരിചിതരായി ചിരിച്ചകലാറുണ്ട്,**
**നീ നൽകിയ പൂക്കൾ പൂത്തതും സുഗന്ധാനുരാഗിയായതുമെന്നുമെൻ**
**കൺകളിൽ പെയ്തിറങ്ങുന്ന വെമ്പലിലാണ്.**
**നിന്റെ വൈവിധ്യങ്ങളെ നിൻ ധ്വനിസാന്ദ്രമാം മൊഴികൾകൊണ്ട് ഭ്രാന്തമാം**
**വഴിത്താരയിലൂടെ ആനയിച്ചുകൊണ്ടേയിരിക്കുകയാണിപ്പോഴും.**

സ്നേഹം നിനക്കുമാത്രം മതമായിരുന്നോ ആമി ?
നിൻ സ്നേഹവും ഭാവവും വാക്യവും ഇന്നിതാ ഒരു കനൽ പോലെ എരിഞ്ഞു
പടരുന്ന,  മതമായിരിക്കയാണെന്നു നീ അറിയുന്നുണ്ടോ?
ആമി! നീ തന്നെയൊരു അപ്രതീക്ഷിതമല്ലേ?
പ്രണയത്തിൻ  വള്ളികളിൽ നിന്നും നിനക്കിനി മോചനമുണ്ടെന്ന്
ഞാൻ നിനയ്ക്കുന്നില്ല ,
അത്രമേൽ നിന്നെ ഞാൻ വീണ്ടും വീണ്ടും മുറുക്കിപിടിക്കയാണ്,
നിന്നിലലിഞ്ഞു ചേരാതിരിക്കുമോയെന്ന  വ്യസനത്താൽ.
നിന്നിലെ വിജനത ഇന്നെത്ര സുന്ദരമാണ് മാധവി.
എങ്കിലും നീയന്നു കണ്ടെടുത്തു,
പ്രണയം വ്യർത്ഥമെന്ന്.
അപൂർണതയുടെ വിളക്കായിരുന്നു നിന്നിലെ സൂര്യൻ,
അപൂർണതകൾ പൂർത്തീകരിക്കാനായി ഒഴുകിപ്പരക്കുന്ന കിരണങ്ങളുള്ളവൾ.
'അവശിഷ്ടങ്ങളിൽ ' നിന്നുമെൻ  തോളിൽ തലചായ്ക്കുവാൻ നീയിനിയെന്തിന്
മടിക്കണം പ്രിയേ.
കമലയായും ആമിയായും മാധവിയായു-
മെന്നുമെന്നിലെ വസന്തമായി നിറഞ്ഞാടുകായാണു നീ...
ആമീ നിന്നിലെ പ്രണയമിന്നും അവശേഷിപ്പൂവീ ഭൂവിൽ,
ഞാനായും അവളായും അവനായും
പൂവായും പുഴയായും
എന്നുമീ ഭൂവിൽ നീ ജീവിക്കയാണിപ്പോഴും.

●

# മരണപത്രം



**അക്ഷയ ടി**
രണ്ടാം വർഷ
മൈക്രോബയോളജി

ഇത് കാരണങ്ങളില്ലാത്ത മരണം
ദേഹം വെടിഞ്ഞ് ദേഹിയോടണയാൻ
നേരമായെന്ന് മനസ്സ് പലവട്ടം മൊഴിഞ്ഞു
തിരിഞ്ഞു നോക്കുവാൻ തോന്നിയില്ല
നിറം പിടിച്ച കണ്ണുകൾ എനിക്ക് കാണേണ്ടതില്ല
അവലോകനങ്ങൾക്കും ആഖ്യാനങ്ങൾക്കും
നിന്നു കൊടുക്കുവാൻ വയ്യാതായിരിക്കുന്നു
എന്തെന്നാൽ ഈ ലോകത്തിന്റെ
ആഖ്യാന ശാസ്ത്രം എന്നും സൗന്ദര്യബോധത്തിന് അടിമയാണ്
ഈ തിരിച്ചറിവാകാം ഒരു പക്ഷേ
ഈ സന്ദർഭത്തിന് ഹേതു
പോകുവാനുള്ള സമയം അടുത്തിരിക്കുന്നു
വർണ വ്യത്യാസങ്ങൾക്ക് ഇടമില്ലാത്ത
സ്നേഹം ജനിക്കുമ്പോൾ
ഞാനും പുനർജനിക്കട്ടെ എന്ന പ്രത്യാശയോടെ വിട.

# ആനന്ദ സായാഹ്നം




പ്രിയരേ,


ഒക്ടോബർ ഒന്ന് ലോക വയോജന ദിനത്തോടനുബന്ധിച്ച് രാജപുരം സെന്റ് പയസ് ടെൻത് കോളേജിലെ ഭാഷാ വിഭാഗവും ബോധി -സർഗ്ഗസംഗമം കൂട്ടായ്മകളും സംയുക്തമായി സെന്റ് പയസ് കുടുംബാംഗങ്ങളുടെ വൃദ്ധ മാതാ പിതാക്കൾക്കായി ഒരു ആഘോഷ പരിപാടി - *'ആനന്ദസായാഹ്നം'* ഒരുക്കുന്നു.

ഒക്ടോബർ 2, ശനിയാഴ്ച വൈകുന്നേരം 6 മണിക്ക് സൂമിലാണ് പരിപാടി സംഘടിപ്പിക്കുന്നത്. നമുക്ക് മുന്നേ നടന്ന് നമ്മുടെ വഴികൾ വിശാലമാക്കിത്തന്ന പ്രിയപ്പെട്ടവരെ ഒരു നിമിഷം ചേർത്തു നിർത്തുമ്പോൾ ആ മുഖങ്ങളിൽ തെളിയുന്ന പ്രകാശത്തോളം വലുതായി മറ്റൊന്നുമുണ്ടാകില്ല. അതിനാൽ വീട്ടിൽ പ്രായമായവരുള്ള എല്ലാ അദ്ധ്യാപകരും അനദ്ധ്യാപകരും വിദ്യാർത്ഥികളും അവരെ ഈ ആനന്ദസായാഹ്നത്തിൽ പങ്കെടുപ്പിക്കണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു. ഒപ്പം പരിപാടിയിലേക്ക് എല്ലാ സെന്റ് പയസ് കുടുംബാംഗങ്ങളേയും ഏറ്റം സ്നേഹത്തോടെക്ഷണിക്കുന്നു.



# വയലാർ അനുസ്മരണം












# തിരിച്ചു കിട്ടാത്ത വസന്തം



**സ്നേഹ ഗണേശൻ**
രണ്ടാം വർഷ ഫിസിക്സ്

തിരികെ ഇനി നീയില്ല എന്നറിഞ്ഞിട്ടും
നിനക്കായി ഞാനാ വരാന്തയിൽ,
പോയി മറഞ്ഞ കാലം അയവിറക്കുമ്പോൾ
അനുവാദമില്ലാതെയെന്റെ കണ്ണുകൾ പെയ്യുന്നുവോ
പെയ്തൊഴിഞ്ഞ മഴയിൽ നനയാത്ത എന്റെ കണ്ണുകൾ
ഇന്നിതാ നിറഞ്ഞ് തുളുമ്പുന്നുവോ
അത്രമേൽ പ്രിയപ്പെട്ടതായിരുന്നുവോ നീയെനിക്ക്
ഇന്നും ഞാനെന്റെ ജാലകപ്പാളികളിൽ
നിന്നെയെത്തിപ്പിടിക്കുവാനായി....

എന്നെ നീ അറിയുന്നുവോ...

# ഭയം



**വൈഷ്ണവി ശിവദാസ് പി**
രണ്ടാം വർഷ
ലൈഫ് സയൻസ്

ജീവിതമെന്ന വിഹായസിന്റെ ചെറിയൊരംശം ഭയമെന്ന വൈകാരികതയാൽ മൂടപ്പെട്ടിരിക്കുന്നു. ധൈര്യമെന്ന ഭാവത്തോട് വിപരീതാനുപാതം പുലർത്തുന്ന ഈ അവസ്ഥയെ ഉൾക്കൊള്ളുക എന്നത് കഠിനമാണ്. ഒഴിഞ്ഞുപോകാൻ ആജ്ഞാപിക്കുമ്പോഴും നിഴലായ് കൂടെ വരുന്നു.

ഹൃദയമിടിപ്പ് കൂടുകയും കണ്ണിൽ ഇരുട്ട് കയറുകയും ചെയ്യുമ്പോൾ ഈ നിമിഷം കടന്ന് പോകാൻ ഈശ്വരന്മാരെ സ്മരിക്കുന്നു. ആത്മവിശ്വാസത്തെ ചോദ്യം ചെയ്യാൻ ഇനിയും എത്ര കാലം നീ ഉണ്ടാവുമെന്ന് ആയിരം വട്ടം ചോദിച്ചു പോകുന്നു. ആളുകൾക്കിടയിൽ പരിഹാസ പാത്രമാവാൻ ഇത് ഒരു കാരണമായി വർത്തിക്കുന്നു. കണ്ണിൽ നിന്ന് കണ്ണുനീർ പൊടിയുമ്പോൾ ഭയപ്പെടാനുള്ള എല്ലാ സാഹചര്യങ്ങളിൽ നിന്നും ഒളിച്ചോടാൻ ശ്രമിക്കുന്നു. ഈ ഒളിച്ചോട്ടം താത്കാലികമാണെന്ന യാഥാർഥ്യം മനസിലാക്കി വീണ്ടും തിരിച്ചു വരുന്നു. രക്ഷപ്പെടാൻ ആയിരം വഴികളെ ആശ്രയിക്കുന്നു. ഉപദേശങ്ങളെ ഇഷ്ടപ്പെടാൻ തുടങ്ങുന്നു. എല്ലാം ഉള്ളിലൊതുക്കി വീണ്ടും പരിശ്രമിക്കാൻ തയ്യാറെടുക്കുന്നു. മനസ്സിനെ പാകപ്പെടുത്തി ഭയത്തെ നിർവീര്യമാക്കാൻ പാടുപെടുന്നു. ഈ അസുഖം മനസ്സിനെ മാരകമായി ബാധിച്ചു എന്ന് മനസിലാക്കുന്നു. സന്തോഷം ലഭിക്കാനായി പാടുപെടുന്നു. പുറത്തേക്ക് ഓടിയെത്തുന്ന ചിരികളെ കേവലം പുഞ്ചിരിയിലേക്ക് ഒതുക്കാൻ ശ്രമിക്കുന്നു. മനസ്സിന്റെ വൈകല്യം ശരീരത്തിലേക്ക് പ്രവഹിക്കാൻ തുടങ്ങി എന്ന യാഥാർഥ്യം മനസിലാക്കി അപകട സാധ്യത തരണം ചെയ്യാൻ പരസഹായം തേടുന്നു. ഉപദേശങ്ങൾ വഴക്കിലേക്ക് മാറിയെന്നു തോന്നുമ്പോൾ ചിന്തകളെ വ്യതിചലിപ്പിക്കുന്നു.



സ്വയം മനസിലാക്കുകയും സ്വയം ഉപദേശിക്കുകയും സ്വയം സംരക്ഷിക്കുകയും ചെയ്യുമ്പോൾ എവിടെ പോയി ഈ വൈകല്യം. ആരൊക്കെയോ നമുക്ക് കാവൽ ഉണ്ടെന്നും എപ്പോഴും സംരക്ഷിക്കുമെന്നുമുള്ള തെറ്റായ ധാരണകൾ മനസ്സിൽ നിന്ന് മായ്ച്ചു കളയുക. ഭയമെന്ന വൈകല്യത്തിന്റെ ഉറവിടം തുടങ്ങുന്നത് ഇവിടെ നിന്നാണ്. എന്തും നേരിടാനുള്ള ആത്മവിശ്വാസം ആർജിച്ചെടുക്കൂ.

●

# പെണ്ണ്




അശ്വതി ടി എ
രണ്ടാം വർഷ
ലൈഫ് സയൻസ്




നിലാവിന്റെ വെളിച്ചത്തിൽ
അവൾ തൻ സൗന്ദര്യം തുളുമ്പി
വെള്ളാരംകണ്ണുകൾ തിളങ്ങി
കലങ്ങിയ കണ്ണുകൾ
എന്തൊക്കെയോ പറയാൻ വിതുമ്പി
ചുണ്ടുകൾ തമ്മിൽ വേർപെടാതെ
കാലുകൾ ചലിക്കാതെ
കൈകൾ മരവിച്ച,
അവളുടെ ശരീരം
എന്തൊക്കെയോ പറയാനായി
എന്തിനൊക്കെയോ വേണ്ടി
വിതുമ്പും വിധം
സ്വയം തേങ്ങലടിച്ചു
ഉള്ളിൽ ഉരുകി
അവൾ പെണ്ണ്.
കണ്ണുനീർ ഉറ്റുന്ന
വെറും ഒരു പെണ്ണ്.

# ഇന്നലെ



**അനഘ ശാന്തൻ**
രണ്ടാം വർഷ
കമ്പ്യൂട്ടർ സയൻസ്

ഓർമയുടെ ഓളങ്ങളിൽ
അവനിപ്പോഴും ഒരു ചിരിയാൽ എൻ മനം കവരുകയാണ്.
അസ്തമയ സൂര്യനാൽ
എൻ കണ്ണുകൾ പ്രകാശിച്ചപ്പോൾ നമ്മുടെ വിരലുകൾ തമ്മിൽ
പരസ്പരം എന്തോ മൊഴിയുകയായിരുന്നു.
കാറ്റൊന്ന് തഴുകി,
എൻ മുടിയിഴകൾ അവന്റെ കവിളുകളിൽ ചുംബിച്ചു.
മധുരമാം സ്നേഹത്തിൻ ഓർമ.
എന്തോ..
അവനോട് ചേർന്ന് നിന്നപ്പോൾ ഞാൻ കൂടുതൽ പ്രകാശിച്ചു.
അധരങ്ങളിൽ ചിരി വിടർന്നു.
അതെ!
ഞാൻ ഓർക്കുന്നു,
നാം പ്രണയത്തിലായിരുന്നു.
നീയെന്ന വസന്തം എന്നിൽ പൂവിട്ടു.
പിന്നീടെപ്പോഴാണ് നീയെന്നിൽ നിന്നും കൊഴിഞ്ഞുപോയത്?
മറ്റൊരു വസന്തം നിന്നിൽ പൂവിട്ടത്?
വിരോധമില്ല.
ആ ചിരി എപ്പോഴും നിന്നിൽ തുളുമ്പട്ടെ,
സ്നേഹം മാത്രം..

# അവൻ



**അനുഷ എം എസ്**
ഒന്നാം വർഷ
മൈക്രോബയോളജി

പരിഭവമൊന്നുമില്ലാതെ ഏകാന്തമായ ആ ഇടനാഴിയിലൂടെ അവൻ നടന്നകന്നു. വിജനമായ അവന്റെ വീഥിയിൽ അവന് തന്നെ കടന്നു പോകുന്ന കാറ്റിന്റെ ശബ്ദം പോലും അരോചകമായി തോന്നി. അപ്പോഴും ദൂരെ അവനെ തന്നെ നോക്കി നിൽക്കുന്ന അവ്യക്തമായ ഒരു രൂപം പതിയെ പതിയെ മാഞ്ഞ് പോയി. അവന്റെ നടത്തത്തിന്റെ വേഗത കുറഞ്ഞു. മഴ പെയ്യാൻ വിതുമ്പി നിൽക്കുന്ന കാർമേഘം പോലെ കരച്ചിൽ അടക്കി പിടിച്ച കണ്ണുകളോടെ അവൻ നടക്കുകയാണ്. പെട്ടെന്ന് ഏതോ ഒരു പിൻവിളി എന്നോണം അവൻ തിരിഞ്ഞ് നോക്കി. ഒരു നിമിഷം നിശ്ചലനായ അവന്റെ മനസ്സിൽ ഒരായിരം ചിന്തകൾ, ഓർക്കാൻ ആഗ്രഹിക്കാത്ത ഓർമ്മയുടെ ഏടുകൾ ഓരോന്നായി ഒരു മിന്നൽപിണർ പോലെ അവൻറെ മനസ്സിലേക്ക് പാഞ്ഞെത്തി. അവൻ വരാന്തയിലെ ചെറിയ ബെഞ്ചിലേക്ക് തൻറെ കൈകൾ ബെഞ്ചിൽ താങ്ങി മുഖം കുമ്പിട്ടിരുന്നു. തൻറെ ഭൂതകാലം... താൻ മറക്കാൻ ആഗ്രഹിക്കുന്ന... താൻ വെറുക്കുന്ന ആ ഭൂതകാലസ്മരണകളിൽ അവൻ നിയന്ത്രണം വിട്ടു. ഏകാന്തമായ ആ വരാന്തയിൽ നിശ്ചലനായ അവൻ ഉറക്കെ ആരോടെന്നില്ലാതെ ചോദിച്ചു.

എന്തിന്?........ എന്തിനായിരുന്നു ഇതൊക്കെ?

ഏകാന്തമായ ആ വരാന്തയിൽ കൽതൂണുകളിൽ തട്ടി ആ ശബ്ദം ആവർത്തിച്ച് അവന്റെ കാതുകളെ കുത്തിത്തുളച്ചു. അവന് അവനോടു തന്നെ വെറുപ്പ് തോന്നി. ഏറെ നേരത്തെ നിശബ്ദതയ്ക്ക് ശേഷം ഒരു നീണ്ട ആലോചനയ്ക്കൊടുവിൽ നിറഞ്ഞ കണ്ണുകൾ തുടച്ച്, അവൻ എണീറ്റ് മുന്നോട്ട് നടന്നു. ദൂരെ ആ ഇടനാഴിയുടെ അവസാനം അവൻ ഒരു വാഹനം കണ്ടു. കൂടെ അവ്യക്തമായ ഒരു ആൾരൂപവും. അവൻ അവയെ ലക്ഷ്യം വച്ച് നടന്നു. അവ്യക്തമായ ആ രൂപം ഒരു യുവാവിന്റേതാണ് എന്നവന് മനസിലായി. അടുക്കും തോറും അവന് അദേഹത്തെ കൂടുതൽ വ്യക്തമായി. ചിരിക്കുന്ന കണ്ണുകളുള്ള ഒരു ദേവഭാവമുള്ള അയാളെ അവൻ അത്ഭുതത്തോടെ നോക്കി.

‘‘അച്ഛൻ പറഞ്ഞ് വിട്ടതാണ് എന്നെ   മോനെ കൂട്ടിക്കൊണ്ട് പോവാൻ ’’
അവൻ അടുത്തെത്തിയപ്പോൾ അദ്ദേഹം പറഞ്ഞു. തിരിച്ചൊന്നും പറയാതെ
ഒരു നിർവികാരതയോടെ അവൻ അവന്റെ കയ്യിലെ ചെറിയ ബാഗ്
ആ മനുഷ്യന്റെ കയ്യിൽ കൊടുത്ത് കാർ തുറന്ന് കയറി.
ഒരു നിമിഷത്തെ ആലോചനയ്ക്കൊടുവിൽ അദ്ദേഹം ബാഗ് കാറിന്റെ
പിൻസീറ്റിൽ വച്ച ശേഷം ഡ്രൈവിംഗ് സീറ്റിൽ കയറി ഇരുന്നു.
‘‘മോന് എന്നെ മനസിലായില്ലേ? ’’ അദ്ദേഹം ചോദിച്ചു.
ഒരു ദീർഘ നിശ്വാസത്തോടെ അവൻ അയാളെ നോക്കുക മാത്രം
ചെയ്തു. മറുപടി ഒന്നും ലഭിക്കാത്തതു കൊണ്ടോ അവന് മനസിലായില്ലെന്ന്
ബോധ്യമായതു കൊണ്ടോ അയാൾ അവനോടായി പറഞ്ഞു.
‘‘ ഞാൻ വിനോദ് നിനക്ക് എന്നെ ഓർമ്മയില്ലേ കിച്ചൂ? ’’
ഏതോ ലോകത്ത് നിന്ന് അവൻ ഞെട്ടി തിരിഞ്ഞു നോക്കി
വിനുവേട്ടൻ കുട്ടിക്കാല ഓർമകളിൽ മുൻ നിരയിലുള്ള മുഖം.
തെക്കേലെ മൂവാണ്ടൻ മാവിലെ ചക്കരമാമ്പഴം കല്ലെറിഞ്ഞ് പറിക്കാനും ,
സ്കൂളിൽ മടി പിടിച്ച് കള്ള ദീനം അഭിനയിച്ച് പോവാതിരിക്കുമ്പോൾ
ആറ്റുവക്കത്തിരുന്ന് പരൽ മീനെ പിടിക്കാനും അങ്ങ് കുന്നിൻ മുകളിലെ
മാടനെ കാണാനും ഒക്കെ അവന്റെ വിനുവേട്ടൻ ആയിരുന്നു അവന് കൂട്ട്.
പഴയ കാല സ്മൃതികളിൽ തന്റെ കുട്ടിക്കാല ഓർമകൾ ഒക്കെയും
അവന്റെ ഓർമകളിൽ ഓടി മറഞ്ഞു.
‘‘വിനുവേട്ടൻ എന്താ ഇവിടെ?’’
അവൻ ചോദിച്ചു
‘‘എന്റെ കിച്ചൂ നിനക്കിതെന്താ പറ്റിയെ , നീ ആകെ മാറിപ്പോയി.... പഴയ ചുറുചുറുക്കില്ലാതെ ..... വാടിയ മുഖവുമായി ......നിന്നെ ഞാൻ ഇങ്ങനെ കണ്ടിട്ടില്ലല്ലോ!’’
ഒത്തിരി ആശങ്കയോടെ ഉള്ള വിനുവേട്ടന്റെ ചോദ്യത്തിനുമുന്നിൽ അവൻ ഉത്തരം കിട്ടാതെ നിന്നു .മറുപടി ഇല്ലാതെ നിൽക്കുന്ന അവനോടായി
വിനുവേട്ടൻ പറഞ്ഞു.
‘‘ നിനക്ക് നമ്മുടെ കുട്ടിക്കാലം ഓർമ്മയില്ലേ ആ പഴയ വിദ്യാലയം, ചക്കരമാവ്
നിന്നെ  എപ്പോഴും ശകാരിക്കാറുണ്ടായിരുന്ന ആ ബാലൻ
മാഷിനെ ....... ഞാൻ എപ്പോഴും ഓർമിക്കും ആ പഴയകാലം എന്തൊരു
രസമായിരുന്നു അന്നൊക്കെ? ’’
വിനു ഏട്ടൻ വാചാലനായി .

നിർവികാരതയുടെയും വിഷാദത്തിന്റെയും ഏകാന്തതയുടെയും ലോകത്ത് നിന്ന് ഒരു നിമിഷത്തേക്കെങ്കിലും തിരിച്ചുകൊണ്ടുവരാൻ വിനുവേട്ടന്റെ വാക്കുകൾക്ക് സാധിച്ചു അവൻ പറഞ്ഞു ;

‘‘എനിക്ക് ഓർമ്മയുണ്ട്. മനസ്സിൽ എവിടെയോ ഇപ്പോഴും ഒരു പൊട്ടിയ സ്ലേറ്റിന്റെ ചിത്രമുണ്ട്. കൈപ്പത്തിയിലെവിടെയോ ഇപ്പോഴും മഷിത്തണ്ട് കൊണ്ട് മായ്ച്ച പാടുണ്ട്. നാക്കിൽ ഒരിത്തിരി കല്ലു പെൻസിലിന്റെ രുചിയും. ഒന്നും അങ്ങനെ മറക്കാൻ കഴിയില്ലല്ലോ! പനി പിടിച്ച് നാവിനു തീരെ രുചി ഇല്ലെങ്കിലും പനി വരുമ്പോൾ അമ്മ ഉണ്ടാക്കിത്തരുന്ന പൊടിയരിക്കഞ്ഞിയുടെ രുചി ഏറെ ദൂരെ ഒരു പുതപ്പിനടിയിൽ കൊതിച്ചിരുന്നു ഞാൻ ’’ അവൻ ഒരു ദീർഘ നിശ്വാസത്തോടെ പറഞ്ഞു നിർത്തി.
പിന്നെ ആകെ ഒരു നിശബ്ദത ആയിരുന്നു. ബാല്യകാല സ്മരണകളിൽ മുഴുകി അവർ യാത്ര തുടർന്നു. ഇടക്കെപ്പഴോ അവൻ മയങ്ങി പോയി.
‘‘ കിച്ചു ’’ വിനുവേട്ടന്റെ വിളികേട്ടുണർന്ന അവൻ കാണുന്നത് അവന്റെ നാടാണ്. ലോകത്തിന്റെ ഏത് കോണിൽ പോയാലും ഒത്തിരി അവശേഷിപ്പുകളും അവന്റെ അസ്ഥിത്വവുമുള്ള അവന്റെ നാട്.... അവന്റെ കുഞ്ഞു വീട്. അവനെ വരവേൽക്കാൻ അവിടുത്തെ കുട്ടിക്കൂട്ടം എല്ലാമുണ്ട്. അവൻ കാറിൽ നിന്നിറങ്ങി. തന്റെ ബാഗിൽ എന്നോ കരുതി വച്ച മിഠായികൾ അവർക്കായി നൽകി അവൻ നടന്നു.
തെക്കേലെ ചക്കര മാവ് ഇപ്പൊ ഇല്ല. മുത്തശ്ശിയുടെ മരണാവശ്യങ്ങൾക്ക് വേണ്ടി മുറിച്ചതാണത്രേ ! അവൻ നോക്കി , ഉമ്മറത്തിണ്ണയിൽ എല്ലാരുമുണ്ട്. അച്ഛനും അമ്മയ്ക്കും നന്നേ വയസായിരിക്കുന്നു. ഓപ്പോളും കുട്ട്യോളും , അമ്മായിമാരും... എല്ലാവരും കൂടെ ഒരു ഉൽസവ സമാനമായി ആ കുഞ്ഞു വീട്. ഏറെ നാളു കൂടെ അവനെ കാണുന്ന സന്തോഷം എല്ലാവരുടെയും കണ്ണുകളിൽ നിന്ന് വായിച്ചെടുക്കാൻ ഉതകുന്നതായിരുന്നു. അവൻ എല്ലാവരോടും കുശലം ചോദിച്ചു. സങ്കടവും സന്തോഷവും പരിഭവവും ഒക്കെ കേട്ടും പറഞ്ഞും നാട്ടിലെ കഥകളും വിശേഷങ്ങളും ഒക്കെ കുശലാന്വേഷണങ്ങൾക്കും പരിഭവങ്ങൾക്കും ഒടുവിൽ ഉച്ചഭക്ഷണവും കഴിച്ച് അവൻ വിനുവേട്ടന്റെ കൂടെ പാട വരമ്പത്തെ പുളിയൻ മാവിന്റെ ചുവട്ടിലിരുന്നു.
‘‘പണ്ടെത്ര പുളിയൻ മാങ്ങ തിന്നതാ ..... ഉപ്പും മുളകും ചാലിച്ച് തിന്ന പുളിയൻ മാങ്ങയുടെ സ്വാദ് ഹാ....! ആലോചിക്കുമ്പോ തന്നെ നാവിൽ വെള്ളം ഊറുന്നു ’’ വിനുവേട്ടൻ പറഞ്ഞു.

അവന്റെ മനസ്സ് പക്ഷേ അവിടൊന്നും ആയിരുന്നില്ല. അങ്ങ് ദൂരെ അവന്റെ കലാലയത്തിലായിരുന്നു. അവൻ എറണാകുളം എൽ. എൽ. ബിക്ക് പഠിക്കുകയാണ്. നാട്ടിൻപുറത്ത് നിന്ന് ഒരു വക്കീൽ ...! അത് എല്ലാവരുടേയും സ്വപ്നം ആയിരുന്നു.

''നിന്റെ ആ കുട്ടി എന്ത് പറയുന്നു .... ശ്രീലക്ഷ്മി. ? വിശേഷങ്ങളൊന്നും പറഞ്ഞില്ലല്ലോ നീയ്യ് ? '' വിനുവേട്ടൻ അന്വേഷിച്ചു.

കുറച്ചു നേരത്തെ ആലോചനയ്ക്കൊടുവിൽ അവൻ നിറഞ്ഞ കണ്ണുകളോടെ വിനുവേട്ടനെ നോക്കി. ഒരു നിമിഷത്തെ ആ നോട്ടം തന്നെ ധാരാളമായിരുന്നു വിനുവേട്ടന് അവന്റെ സങ്കടം മനസിലാക്കാൻ .....അവന്റെ ഉള്ളറിയാൻ. വിനുവേട്ടൻ അവനെ കെട്ടിപ്പിടിച്ചു.

''പോട്ടെടാ ... നീ ഒക്കെ മറന്നേക്ക് '' വിനുവേട്ടൻ അവന്റെ തലയിൽ തലോടി കൊണ്ട് പറഞ്ഞു.

'' വിനുവേട്ടാ ഇന്ന് അവൾടെ വിവാഹം ആണ്. ഒരു ബിസിനസ്മാനുമായി. ഞാൻ ഏറെ സ്നേഹിച്ച .... എന്റേതെന്ന് വിശ്വസിച്ച ... ഇന്ന് മറ്റാർക്കോ സ്വന്തം ആയ ശ്രീലക്ഷ്മിടെ !...... കോളേജിൽ റാഗിങ്ങിലൂടെ പരിചയപ്പെട്ട് എപ്പോഴോ അടുപ്പമായി. പിന്നത് പ്രണയമായി.

ആളൊഴിഞ്ഞ വരാന്തകളും ക്യാൻന്റീനും മരത്തണലുകളും ഒക്കെ നമ്മുടെ പ്രണയത്തിന് സാക്ഷിയുമായി. ഒടുവിൽ രണ്ട് വർഷത്തിനപ്പുറം ഒരു വാക്കു പോലും പറയാതെ അവൾ എന്റെ ജീവിതത്തിൽ നിന്ന് പോയി ..! ''

ഒരു ദീർഘ നിശ്വാസത്തോടെ അവൻ തുടർന്നു

''ഇന്ന് ഞാൻ വിവരം അറിയുന്നത് അവൾടെ കൂട്ടുകാരിയിൽ നിന്നാണ് ! ഹാ ... ജീവിക്കട്ടെ നല്ലൊരു നിലയിൽ എത്തട്ടെ '' . അവൻ നെടുവീർപ്പിട്ടു.

''വീട്ടുകാർ നിർബന്ധിച്ചിരിക്കാം. എന്നാലും പറയായിരുന്നില്ലേ... ഒരു വാക്കെങ്കിലും ! ''

വിനുവേട്ടൻ എന്തു പറയണമെന്നറിയാതെ നിന്നു.

''കിച്ചൂ പോട്ടെടാ... നിനക്ക് നല്ലൊരു ഭാവി മുന്നിലുണ്ട്. അതിന്റെ പിറകെ പോവണം. കഴിഞ്ഞത് ആലോചിച്ച് കളയാനുള്ളതല്ല നിന്റെ ജീവിതം. ജീവിക്കാൻ ഒരു ഉറപ്പു മതി ... തോറ്റുകൊടുക്കില്ല എന്ന ഉറപ്പ് ! ''

വിനുവേട്ടൻ അവന്റെ ചുമലിൽ തട്ടികൊണ്ട് പറഞ്ഞു. അവർ പിന്നെയും ഒരുപാട് കാര്യങ്ങൾ സംസാരിച്ചു. പുതിയ തീരുമാനങ്ങൾ എടുത്തു.



ഇന്ന് വർഷങ്ങൾക്കിപ്പുറം അവൻ എറണാകുളം ഒരു കുടുംബകോടതിയിൽ മജിസ്ട്രേറ്റ് ആണ്. കുടുംബമായി എറണാകുളത്തിൽ സെറ്റിൽ ചെയ്തിരിക്കുന്നു. തന്റെ ജോലിയും കുടുംബവുമായി കഴിഞ്ഞു പോകുന്നു. അവന്റെ കോടതിയിൽ ഇന്ന് ശ്രീലക്ഷ്മിയുടെ വിവാഹ മോചന കേസ് വിസ്താരമാണ്. ഇന്നാണ് വിധി പറയേണ്ടത്.

താൻ സ്വന്തമാക്കണമെന്ന് ആഗ്രഹിച്ച്, തന്നെ വിട്ട് മറ്റൊരാളെ വിവാഹം ചെയ്ത അതേ ശ്രീലക്ഷ്മി. അവന്റെ മനസിൽ പഴയ ഓർമകൾ അലതല്ലി. അവൾ പൊരുത്തപ്പെടാനാകാത്ത ഒരു വിവാഹബന്ധത്തിൽ നിന്ന് രക്ഷപ്പെടാനാണ് തന്റെ മുന്നിൽ നിൽക്കുന്നത്. അവൾടെ ഭർത്താവിന്റെ ബിസിനസൊക്കെ സ്വഭാവദൂഷ്യം കൊണ്ട് നഷ്ടപ്പെട്ടു. സങ്കടക്കടലിലാണ് അവൾ ജീവിക്കുന്നത്. അവൻ യാതൊന്നും ആലോചിക്കാതെ തന്റെ ജോലി മാത്രം ചെയ്തു.

വിധി പറഞ്ഞ് കോടതിയിൽ നിന്നിറങ്ങുമ്പോൾ ഒരു കണ്ണുകൾ തന്നെ തന്നെ നോക്കി നിൽക്കുന്നുണ്ടായിരുന്നു. അവൻ പുറത്തേക്കിറങ്ങി. പുറത്ത് നല്ല മഴയാണ്!

അത് പെയ്യുകയാണ് .... മനസും ശരീരവും ഭൂമിയും തണുപ്പിച്ച് !







**അഞ്ജന പി**
ഒന്നാം വർഷ
മൈക്രോബയോളജി


# വിജനവരാന്തകൾ

**ആരുമില്ലാരുമില്ലെങ്ങാനും ആരുമില്ല ഈ പാതകൾ ആർക്കുവേണ്ടി**
**ആരെയോതേടി കരഞ്ഞു ഈ പാതകൾ എന്തിനോവേണ്ടി നിശ്ചലമായി**
**എല്ലാരുമൊന്നിച്ചു സൗഹൃദം പങ്കിടാൻ വന്നിരുന്നു നാളെത്രയായി**
**ജാതിവേഷഭേദമന്യേ ഒത്തുകൂടിനാ ഈ പാതകൾ എന്തിനോവേണ്ടി നിശ്ചലമായി**
**എല്ലാരുമൊന്നിച്ച നാളുകൾ കലഹിച്ചും സ്നേഹിച്ചും കൂട്ടിരുന്നു**
**ഈ വിജനമാം വരാന്തകൾ എന്തോ മൊഴിയുന്നു ഇനി എന്ന് കാണും നമ്മൾ**
**കാറ്റും പറയുന്നു കാറും കരയുന്നു**
**ഇനി എന്ന് കാണും നമ്മൾ**
**ഇനിയുണ്ട് നാളുകൾ കാത്തിരിപ്പിൻ നാളുകൾ**
**പോയവരങ്ങൾ തിരിച്ചെടുക്കാൻ**
**ഓർമ്മതൻ തറവാട്ടിൽ നാം ഒന്നിച്ച്**
**കൂടിയിരിക്കട്ടെ വേഗം തന്നെ.**

# മാധ്യമങ്ങളും സമൂഹവും



**ശ്രീലക്ഷ്മി കെ**
മൂന്നാം വർഷ
കമ്പ്യൂട്ടർ സയൻസ്


അന്ധവിശ്വാസത്തിന്റെയും, അനാചാരങ്ങളുടെയും, അനീതിയുടെയും അന്ധകാരത്തിൽ അടിമപ്പെട്ടിരുന്ന ഒരു സമൂഹത്തെ പ്രകാശപൂരിതമായ ലോകത്തിലേക്ക് നയിക്കാനായി കടന്നു വന്ന നവോത്ഥാനത്തിന്റെ ശക്തമായ സമഗ്ര സംഭാവനകളാണ് മാധ്യമങ്ങൾ. ഭരണ സംവിധാനത്തെയും, നീതിന്യായ വ്യവസ്ഥയെയും, ജനാധിപത്യത്തെയും പോലെ ഒരു രാഷ്ട്രത്തിന്റെ പുരോഗതിക്ക് മാധ്യമങ്ങൾ എന്നും ഒരു മുതൽക്കൂട്ടായിരുന്നു. സാമ്രാജ്യത്വ ശക്തികളുടെ അധിനിവേശത്തിൽ, അവരുടെ കാൽകീഴിൽ അമർന്നു പോയ സമൂഹത്തിന് അടിമത്വത്തിന്റെ ചങ്ങലകൾ വലിച്ചെറിയാനുള്ള ശക്തമായ ആയുധങ്ങളായിരുന്നു പത്രമാധ്യമങ്ങൾ. മാധ്യമസമൂഹം ജന്മമെടുക്കുന്നത് പത്രങ്ങളിലൂടെയായിരുന്നു. ബ്രിട്ടീഷാധിപത്യത്തിന്റെ കൊള്ളരുതായ്മകളെ ചെറുക്കാൻ മഹാത്മാഗാന്ധിയെ പോലുള്ള നേതാക്കന്മാർ ഇന്ത്യൻ ജനതയെ ഉത്ബോധിപ്പിച്ചത് "ഹരിജൻ", "യങ് ഇന്ത്യ" തുടങ്ങിയവയിലൂടെയൊക്കെയായിരുന്നല്ലോ?

പത്രങ്ങൾക്കും മാസികകൾക്കും, വാരികകൾക്കും വംശനാശം സംഭവിച്ചു കൊണ്ടിരിക്കുന്ന ഇന്നത്തെ കാലഘട്ടത്തിൽ ഫേസ്ബുക്കും ഇൻസ്റ്റഗ്രാമും ട്വിറ്ററും പോലുള്ള നവ മാധ്യമങ്ങൾ തലയുയർത്തി നിൽക്കുകയാണ്. മാധ്യമങ്ങൾ സാങ്കേതികവത്കരിക്കപ്പെടുകയും മാധ്യമങ്ങൾക്ക് രൂപഭാവമാറ്റങ്ങൾ സംഭവിക്കുകയും ചെയ്തുവെങ്കിലും അവ അന്നും ഇന്നും ഒരൊറ്റ ധർമ്മമാണ് ചെയ്യുന്നത്. അവകാശ ലംഘനങ്ങൾക്കും അഴിമതിക്കും അനീതിക്കുമെതിരെ പോരാടാനുള്ള ഏറ്റവും ലളിതവും സുതാര്യവുമായ മാർഗമാണ് മാധ്യമങ്ങൾ.



രാഷ്ട്രത്തിന്റെ സർവ്വ സൈന്യാധിപനായ രാഷ്ട്രപതിക്കും, പ്രധാന മന്ത്രിക്കും മറ്റേതൊരു രാഷ്ട്രീയ, സാംസ്കാരിക, കലാകായിക മേഖലകളിലെയും ഉന്നത സ്ഥാന ത്തെ ഏതൊരു പ്രമുഖനെതിരെയും പ്രയോഗിക്കാൻ മാത്രം അസാധാരണമായ കഴിവുള്ള അസ്ത്രങ്ങളാണ് മാധ്യമങ്ങൾ. മാധ്യമ പ്രവർത്തകർ തങ്ങളുടെ ധർമ്മത്തിൽ നിന്നും വ്യതിചലിച്ചു കൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണ് നമ്മുടേതെന്ന് വിസ്മരിച്ചു കൂടാ. ജാതി– മത – രാഷ്ട്രീയ– സാംസ്കാരിക– ലിംഗ വ്യവസ്ഥകൾക്ക് അതീതമായി മാധ്യമങ്ങൾ സത്യത്തിനും, നീതിക്കും വേണ്ടി പൊരുതുമ്പോഴാണ് അവ ശരിയായ രീതിയിൽ ചട്ടവ്യവസ്ഥകൾക്കതീതമായി പ്രവർത്തിക്കുന്നു എന്ന് നാം മനസ്സിലാക്കേണ്ടത്. എന്നാൽ ഇന്ന് മാധ്യമങ്ങൾ ജാതി– മത– രാഷ്ട്രീയ സ്വാർത്ഥ താത്പര്യങ്ങൾ ജനങ്ങളിലേക്ക് എത്തിക്കാനുള്ള വാഹകരായി മാറിയിരിക്കുന്നു എന്നതാണ് ദുഃഖകരമായ സത്യം. സമൂഹത്തിന്റെ ഏറ്റവും താഴെത്തട്ടിലെ, സാമൂഹിക സാമ്പത്തിക വ്യവസ്ഥിതിയുടെ അടിത്തട്ടിലുള്ള ഏതൊരു പൗരനു പോലും സ്വന്തം അഭിപ്രായങ്ങളും സന്ദേശങ്ങളും സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കാൻ മാധ്യമങ്ങൾ അവസരമൊരുക്കുന്നു. ഇന്ന് ആർക്കും ആരെയും അടിച്ചമർത്താൻ സാധിക്കില്ല.

കാരണം മറ്റൊന്നുമല്ല അടിച്ചമർത്താൻ ശ്രമിച്ചവർക്കു നേരെ തിരിച്ചടിക്കാൻ അവർക്കിന്ന് ആരെയും ഭയക്കേണ്ടതില്ല. വീടിന്റെ നാലു ചുമരുകൾക്കുള്ളിൽ തളയ്ക്കപ്പെട്ടിരുന്ന സ്ത്രീ സമൂഹത്തിന് കാലഘട്ടത്തിന്റെ മാറ്റങ്ങൾക്കനുസൃതമാം വിധം പുരോഗമനം കൈവരിക്കാൻ സാധിച്ചത് നവമാധ്യമങ്ങളുടെ പിൻബ ലത്തിലൂടെയാണ് എന്ന സത്യം നിസംശയം ഉറപ്പിക്കാം. പാർശ്വവത്കരിക്കപ്പെട്ടിരുന്ന ഭിന്ന ലിംഗക്കാരെ അവരുടെ അസ്വാതന്ത്ര്യത്തിന്റെ ചട്ടക്കൂട്ടിൽ നിന്നും സ്വതന്ത്രമാക്കി സമൂഹത്തിന്റെ മുഖ്യധാര യിലേക്ക് കൈപിടിച്ചു നടത്തിയത് മാധ്യമങ്ങളാണെന്നുള്ളത് മറ്റൊരു യാഥാർത്ഥ്യം.




സമൂഹത്തിന്റെ ഉന്നമനത്തിനും അഭിവൃദ്ധിക്കും ഗുണകരമാം വിധം വ്യതിയാനങ്ങളുണ്ടാക്കാൻ മാധ്യമങ്ങൾ സഹായകരമായെങ്കിലും അവ എവിടെയൊക്കെയോ, എപ്പോഴൊക്കെയോ കരിനിഴൽ വീഴ്ത്തി. ദൃശ്യമാധ്യമങ്ങളുടെ അമിതമായ കടന്നുകയറ്റം നമ്മുടെ ആരോഗ്യസ്ഥിതിയെ പ്രതികൂലമായി ബാധിച്ചു കൊണ്ടിരിക്കുകയാണ്. നന്മയ്ക്കു വേണ്ടി ഉടലെടുക്കപ്പെടുന്നവ പലപ്പോഴും തിന്മകൾക്ക് അനുയോജ്യമായ ഇടമായി മാറുന്ന പ്രവണത മാധ്യമ രംഗത്തും പ്രതിഫലിച്ചിരിക്കാം. സമൂഹത്തിൽ നടക്കുന്ന എല്ലാ കൊള്ളരുതായ്മകൾക്കു നേരെയും കണ്ണും കാതും കൂർപ്പിച്ച് അതീവ ജാഗ്രതയോടെ പ്രവർത്തിക്കാൻ മാധ്യമങ്ങൾക്ക് സാധിക്കണം. നന്മയും തിന്മയും അരിയും പതിരും പോലെ വേർതിരിച്ച് കാണിക്കപ്പെടണം. രാഷ്ട്രീയ – ജാതി മത സംഘടനകൾക്കതീതമായി സാമൂഹിക പുരോഗതി ലക്ഷ്യമാക്കി മാധ്യമങ്ങൾ പ്രവർത്തിക്കുമ്പോഴാണ് അവ സുതാര്യമാവുന്നത്. വാർത്തകൾ കളങ്കപ്പെടാതെ, മായം ചേർക്കപ്പെടാതെ പരിശുദ്ധമായി ജനങ്ങളിലേക്ക് എത്തിക്കാൻ മാധ്യമങ്ങൾക്കു കഴിയട്ടെ എന്ന ശുഭ പ്രതീക്ഷ നമുക്ക് വച്ചു പുലർത്താം. അവകാശങ്ങൾക്കും അഭിപ്രായ സ്വാതന്ത്ര്യത്തിനുമുള്ള മാർഗമായി ഫലപ്രദമായി ഉപയോഗിക്കാൻ നമുക്ക് ശ്രമിക്കാം. പാർശ്വവത്കരിക്കപ്പെട്ട വിഭാഗത്തിന് സമൂഹത്തിന്റെ മുഖ്യധാരയിലേക്കുള്ള കടന്നുവരവിന് മാധ്യമങ്ങൾ വഴിയൊരുക്കപ്പെടട്ടേ. സത്യത്തിനും സമത്വത്തിനും സ്വാതന്ത്ര്യത്തിനുമുള്ള കാവൽക്കാരാവട്ടെ മാധ്യമങ്ങൾ. നേരോടെ, നിർഭയം, നിരന്തരം അവ പ്രവർത്തിക്കപ്പെടട്ടേ എന്നു പ്രതീക്ഷിക്കാം.


# നീ



**കൃഷ്ണപ്രിയ പി കെ**
രണ്ടാം വർഷ
മൈക്രോബയോളജി

കാണുന്നില്ല തൊടുന്നില്ല
വാ തോരാതെ ഉള്ള സംസാരവുമില്ല
ഇനി എന്നാണ് ഇതൊക്കെ എന്ന ചോദ്യത്തിന്
ഒരു ചെറുചിരിയല്ലാതെ മറ്റൊരു മറുപടിയില്ല
രണ്ടിടങ്ങളിൽ നിന്ന്
സുഖമായിരിക്കുന്നുവെന്ന്
വീണ്ടും വീണ്ടും ചോദിച്ചറിഞ്ഞ്
സ്നേഹം പകുത്തെടുത്തുകൊണ്ടിരിക്കുന്നു.
നീ എന്റെ എക്കാലത്തേയും
പ്രിയപെട്ടവനാണെന്ന്
പരസ്പരം പറയാതെ പറഞ്ഞു
കൊണ്ടിരിക്കുന്നു.





**Mridula PM**
II DC B Com





**Priya Pappan K**

II DC Life Science



# കടൽത്തീരത്ത്




അഭിനവ് വി
ഒന്നാം വർഷ ബികോം

തീരമേ നീ വരിക...
പലയതിരുകളും മറയ്ക്കുവാ -
നൊരു തിര മതി
കരതേടി തിരയുന്ന തിരയെ...
കരയിതാ ദുഃഖിതനാൽ
നിന്നെ തിരയുന്നിതാ...
ആഴിയിലെ തിരമാലയാടുന്നതു
നവജാത ശിശുവിൻ,
മാധുര്യം പോലെയോ...

സൂര്യനായുദയം നിന്നിലാണോ
യെൻ പ്രിയതമേ?
സൂര്യനാശോഭന നിന്നിൽ
പ്രതീക്ഷയാം  അടയാളമായിടുവിൻ...
ഉപ്പിലുണ്ട്  പവിത്രതയെന്തോ
കണ്ണീരിലും കടലിലു-
മിതായതു
കലർന്നിരിക്കുന്നു

ഒരുപാടുനാളായി ഞാനിരിപ്പൂ
യെൻ ദുഖവും ഹർഷവും
നീയറിഞ്ഞില്ലേ...
വരുവിൻ..നീയെന്റെ-
വിഷാദമെടുത്തു പോകുവിൻ
വരുവിൻ.. നീയെന്റെ-
ഹർഷത്തിൽ പങ്കാളിയാകുവിൻ
തീരമേ നീ വരിക..  നീ വരിക...





**മിഥുൻ എം**

ഒന്നാം വർഷ ബികോം


# ആത്മഹത്യ

മരണമെൻ മുന്നിൽ ഉണ്ടെന്നറിഞ്ഞിട്ടും
മരണത്തെ ഞാൻ തേടിയിറങ്ങി
എൻ ജീവൻ എന്നിൽ നിന്ന്
അകന്നു പോവുമ്പോഴും
ഒരു നല്ല ജീവിതത്തിനായികൊതിച്ചു
ഇത്രയുമീ നിസ്സാരമാം കാര്യത്തിന്
എൻ ജീവൻ എന്തിനു
ഞാൻ ബലി കൊടുത്തു
ഇനി പശ്ചാത്തപിച്ചിട്ടും കാര്യമില്ലാ...






**Akhil BV**
II DC BBA



**Aiswarya**
I DC Development Economics




Abhijith A
I DC Computer Science
Abhijith_babu

# ഞാൻ



**സ്നേഹ ഗണേശൻ**
രണ്ടാം വർഷ ഫിസിക്സ്

അവനാകാൻ ഞാനാഗ്രഹിക്കുന്നു
അവനായിരുന്നുവെങ്കിൽ
ഇന്നെന്റെ ചിറക് ഇവിടെ വീണു കിടക്കില്ലായിരുന്നു
അരിഞ്ഞുവീഴ്ത്തിയതും അവൻ തന്നെ
അതോ തന്നെത്താൻ താഴ്ന്നു പോയതോ
തൂലികയിൽ മാത്രമോ അവകാശ വാദങ്ങൾ
ആരെ പഴിക്കും,സ്വയം താഴ്ന്നു പോയവരെയോ
എത്ര യുദ്ധങ്ങൾ വന്നുപോയി
ഇന്നും അതങ്ങനെ തുടരുന്നു
എന്നിട്ടും,
അവനാകാൻ എനിക്കാവുന്നില്ല
എന്തിനു ഞാൻ അവനാകണം
പക്ഷേ എന്നെ ഞാനാകാനും സമ്മതിക്കുന്നില്ല.



# ജീവന



**ഹർഷിത് പി ജി**
രണ്ടാം വർഷ
കമ്പ്യൂട്ടർ സയൻസ്

സൗന്ദര്യത്തെ സ്നേഹിച്ചു ചിലർ
അവൾക്കരികെ കാത്തുനിൽക്കേ.
സങ്കടമോ പരിഭവമോ ഇല്ല എന്നിൽ..
കാരണം, അവളുടെ ആത്മാവിനെ പ്രണയിച്ചു നേടിയ
ഏക കാവ്യം ഞാൻ മാത്രമായിരുന്നു..
മണ്ണിനെ പ്രണയിച്ച മഴ വേനലിൽ ഉരുകി എരിഞ്ഞപ്പോഴും...
കാതോർത്തിരുന്നു ഋതുവിനായി..
തന്റെ പ്രാണനായുള്ളവൾക്കു ഒരിറ്റു ദാഹജലമേകി
അവളിലലിഞ്ഞുചേരാൻ...
എഴുതിയ തൂലികയുടെ വരികൾക്ക് നിന്നെ മറക്കുവാൻ
സാധിച്ചു..
പക്ഷേ നാളിതുവരെ നിന്നെ വായിച്ചറിഞ്ഞ ഹൃദയത്തിനത്
സാധിച്ചിട്ടില്ല.. മൗനമാണെങ്കിലും.. അരികിൽ നീ ഉണ്ടെന്നൊരു
തോന്നൽ മതി.
ഓർമ്മകളെ പുണരാൻ നിന്റെയാ ചലനം മതി.
വസന്തം സമ്മാനിക്കാൻ നിന്റെയാ പുഞ്ചിരി മതി.
കവിത രചിക്കാൻ നിന്റെയാ കണ്ണുകൾ മതി.
പ്രണയിക്കാൻ നിന്റെയാ നോട്ടം മതി. അത്രമാത്രം..

# ഇടം



**പ്രിയ പപ്പൻ കെ**
രണ്ടാം വർഷ
ലൈഫ് സയൻസ്

ഒളിച്ചിരിക്കാൻ
എനിക്കൊരിടം
വേണം,
നിന്റെ
ഓർമകൾക്ക് പോലും
വേട്ടയാടി പിടിക്കാൻ പറ്റാത്ത
ഒരിടം

●






**Dr. George Mammen**

## "There is an evening coming in Across the fields, one never seen before, That lights no lamps."

Dear children,

I'm retiring on the 31st of March this year. My father always used to tell me, "Joji, count on your blessings." 'St. Pius X' had blessed me immensely. Its management and my colleagues supported me and stood by me through thick and thin. During my 26-year journey at St. Pius X, i recieved ample opportunities to interact with a very good number of students. I came across many students who joined the college with only a bare minimum set of qualifying credentials.

But after their time at St. Pius X, they went on to claim their spots at the Kannur University's rolls of academic merit. Our alumni are well placed as they occupy premier positions across the world.

My dear students, take my word and concentrate on your studies. I'm sure that St. Pius X will bless you with a bright future. "Create your own brand value before others create it for you."

I wish to place on record my sincerest gratitude to all my students for acknowledging me as your teacher.

"Fairytales of yesterday, grow but never die. I can fly, my friends." So must you.



**ഡോ : സരള ഗോപാലകൃഷ്ണൻ**

# സ്നേഹപൂർവ്വം

27 വർഷം പിന്നിട്ട അദ്ധ്യാപന ജീവിതത്തിലേക്ക് തിരിഞ്ഞു നോക്കുമ്പോൾ സംതൃപ്തി മാത്രമേ ഉള്ളൂ. 24 വർഷം മുൻപ് പയസ്സിൽ കാലുകുത്തുമ്പോൾ ഒരിക്കലും കരുതിയിരുന്നില്ല ഇത്രയും നാൾ ഇവിടെ തന്നെ തുടരുമെന്ന്... എന്തായാലും നിയോഗം ഈ മലമുകളിൽ തന്നെ വിദ്യ പകർന്നു കൊടുക്കുക എന്നത് ആയിരുന്നിരിക്കണം. ചിലപ്പോഴൊക്കെ ചിന്തിച്ചിട്ടുണ്ട് മറ്റെവിടെയെങ്കിലുമായിരുന്നുവെങ്കിൽ ഒരുപക്ഷെ ഇത്രയും കാലം ഇതേ ജോലി തുടരുമായിരുന്നോ എന്ന്...

പഴയ ഓർമ്മകളിലേയ്ക്ക് ഊളിയിടുമ്പോൾ ഈ പ്രദേശവും ഇവിടുത്തെ ആളുകളുമൊക്കെ മനസ്സിലേക്ക് കയറിവരും...

പഴയ സഹപ്രവർത്തകർ, പഴയ വിദ്യാർത്ഥികൾ...

പഴയ ക്യാമ്പസുമൊക്കെ...

ഒരു ബാഗും പെട്ടിയുമായി ദീർഘദൂര തീവണ്ടി യാത്രക്ക് ശേഷം പ്രകൃതി രമണീയമായ മുണ്ടേട്ട് (ഇന്നും മനോഹരം തന്നെ) ബസ്സിറങ്ങിയത് ഇന്നലെ ആയിരുന്നുവോ...

മൈക്രോബയോളജി പഠിക്കാൻ ദൂരദേശത്തുനിന്നുപോലും കുട്ടികൾ എത്തിയിരുന്ന കാലം... കേരളത്തിൽ ആദ്യമായി മൈക്രോബയോളജിയിൽ ഡിഗ്രി പ്രോഗ്രാം തുടങ്ങിയത് സെന്റ് പയസ് ആയിരുന്നുവല്ലോ.

ചെറിയ ലൈബ്രറി... അന്ന് ലൈബ്രറി ഇന്നത്തെ BBA ക്ലാസ്സ് wing ആയിരുന്നു. ഓഡിറ്റോറിയം ഇന്നത്തെ ഓഫീസ് ബിൽഡിംഗ്. അന്ന് ഓഫീസ് ഇന്നത്തെ റീഡിങ് റൂം.

ഡിപ്പാർട്മെന്റ് പഴയ കോപ്പറേറ്റീവ് സ്റ്റോർ റൂം... അന്ന് കാന്റീൻ, കോപ്പറേറ്റീവ് സ്റ്റോർ, PG ബ്ലോക്ക്, ബാസ്കറ്റ് ബോൾ കോർട്ട്, ഇൻഡോർ സ്റ്റേഡിയം ഒന്നും ഇല്ല... സ്പോർട്സ് മത്സരങ്ങൾ ഹോളി ഫാമിലി സ്കൂളിന്റെ രാജപുരത്തുള്ള ഗ്രൗണ്ടിൽ ആയിരുന്നു.... പിന്നീട് എന്തെല്ലാം മാറ്റങ്ങൾ...

പുതിയ ബ്ലോക്കുകൾ, ഗ്രൗണ്ട്, ബാസ്കറ്റ് ബോൾ കോർട്ട്, ഇൻഡോർ സ്റ്റേഡിയമൊക്കെ...

ആദ്യകാലത്ത് താമസം ഹോസ്റ്റലിൽ ആയിരുന്നു... ഒരു STD ബൂത്തു പോലും ഇല്ലാതിരുന്ന പ്രദേശം... ഒന്ന് വീട്ടിലേക്കു വിളിക്കണമെങ്കിൽ രാജപുരത്തോ കള്ളാറിലോ എത്തണം... 106 സ്റ്റെപ്പ് ഇറങ്ങി കയറി... മടി പിടിച്ചിട്ട് കുട്ടികളുടെ കയ്യിൽ 3.30 രൂപ കൊടുത്തുവിട്ട് വീട്ടിലേക്ക് വിളിപ്പിക്കും തിരികെ ഹോസ്റ്റലിലേക്ക് വിളിക്കാൻ....

ആ കാലം.... ഇപ്പോൾ ഓർക്കുമ്പോൾ അതൊക്കെ ഒരു രസമായിരുന്നു എന്ന് തോന്നുന്നു....

പ്ലേറ്റും ഗ്ലാസും ഒക്കെ ആയി ഹോസ്റ്റലിലെ ഡൈനിംഗ് ഹാളിലേക്കു പോയതും ലാൻഡ് ഫോൺ റിങ് കേട്ട് അത് ആർക്കുള്ള കോൾ ആണെന്ന് ആകാംക്ഷയോടെ വാതിൽ തുറന്ന് നോക്കിയിരുന്നതും ഒക്കെ കഴിഞ്ഞ ജന്മം ആയിരുന്നുവോ...

ഇന്ന് മൊബൈൽ ഫോൺ ഇല്ലാതിരുന്ന അക്കാലത്തെ കുറിച്ചു ഓർക്കുമ്പോൾ തന്നെ അത്ഭുതം തോന്നുന്നു...

വായിക്കാൻ പുസ്തകങ്ങളും പത്രമാസികകളും മാത്രം...

സമയം ധാരാളം ഉണ്ടായിരുന്നു അക്കാലത്ത്... കുട്ടികൾക്കും.
കുട്ടികളൊക്കെ കഠിനമായി അധ്വാനിക്കാൻ തയ്യാറായിരുന്നു. അന്ന് സെമസ്റ്റർ സിസ്റ്റം അല്ല, ഇന്റേണൽ മാർക്ക് ഇല്ല, അറ്റന്റൻസിനും ഒന്നും മാർക്ക് ഇല്ല, ഇഷ്ടം പോലെ ക്യാമ്പസ് പ്രവർത്തനങ്ങൾ... NSS അംഗങ്ങൾ ഒക്കെ എത്രയോ റോഡുകൾ ഉണ്ടാക്കിയിട്ടുണ്ട് ഈ മലയോരത്ത്... കുട്ടികളുടെ നിരവധി കലാ കായിക മത്സരങ്ങൾ... രസകരമായ കാലം... ടെസ്റ്റ് പേപ്പറുകളും മോഡൽ പരീക്ഷകളുമൊക്കെയുണ്ട് ഇടയ്ക്ക്. ഫെബ്രുവരി പകുതി ആവുമ്പോൾ പോർഷനുമൊക്കെ തീരും, പിന്നെ റിവിഷൻ... യൂണിവേഴ്സിറ്റി പരീക്ഷകൾ... വാല്യൂവേഷൻ... റാങ്കുകൾ... നല്ല വിജയം എന്നും കൊയ്തു കൂട്ടിയ പയസ്... യൂണിവേഴ്സിറ്റി കലോൽസവങ്ങളിലും സ്പോർട്സ് മത്സരങ്ങ ളിലുമൊക്കെ പയസ്സിന്റെ പേര് പത്രങ്ങൾ വിളിച്ചു പറഞ്ഞ കാലം....

NAAC പ്രവർത്തനങ്ങളൊന്നും അന്ന് നമുക്ക് ഇല്ല... അങ്ങനെ അങ്ങനെ പോകെപ്പോകെ..... രാജപുരത്തും മൊബൈൽ ടവർ വരുന്നു.... സെമസ്റ്റർ സിസ്റ്റം, ഗ്രേഡിങ് ഒക്കെ വരുന്നു...
കാലം പെട്ടെന്ന് ഒറ്റ എടുത്തു ചാട്ടം... ഒപ്പം ചാടാതെ പറ്റില്ലല്ലോ... ചാടി... ഓടിക്കൊണ്ട് ഒപ്പം..
പഠിപ്പിച്ചു വിട്ട കുട്ടികൾ പലരും ഉയർന്ന സ്ഥാനങ്ങൾ കീഴടക്കി. ഉയരത്തിൽ അവർ പറക്കുന്നത് കാണുമ്പോൾ ഉള്ള സന്തോഷം മറ്റൊരു ജോലിക്കും തരാനാവില്ല... ഉറപ്പ്... ആ സന്തോഷം ആവോളം അനുഭവിക്കാൻ ഭാഗ്യം ഉണ്ടായതിൽ അത്യധികം ആനന്ദമുണ്ട്... ഇന്നും പഴയ പല കുട്ടികളുമായി സമ്പർക്കം പുലർത്തുവാനും കഴിയുന്നു... ടെക്നോളജിക്ക് നന്ദി...
ഒപ്പം അവരുടെ സ്നേഹത്തിനും...
എല്ലാ കുഞ്ഞുങ്ങളെയും സഹ അദ്ധ്യാപകരെയും അനദ്ധ്യാപ കരെയും സ്നേഹത്തോടെ ഓർക്കുന്നു......

ഇവിടം വിട്ട് പോയ ചിലരെ ഓർക്കുമ്പോൾ ഒരു ചെറുപുഞ്ചിരി വിടരും... പ്രകാശം പരത്തി കടന്നു പോയ ചിലർ... വിദ്യാർത്ഥികളായും അദ്ധ്യാപകരായും അല്ലാതെയുമൊക്കെ ആയി കടന്നു പോയ ചിലർ.... അങ്ങനെ ഒരാളായി നിങ്ങളുടെ മനസ്സിൽ ഞാനും ഉണ്ടാവണം എന്ന ഒരത്യാഗ്രഹം മാത്രം അവശേഷിക്കും മനസ്സിൽ....

അത്യാഗ്രഹം തന്നെ ആണേ...

ഇനി വിശ്രമം... സമയമായി.... പ്രിയരെ... കടമകൾ മറക്കാതെ സ്വയം അർപ്പിച്ചു സന്തോഷമായി ജീവിക്കൂ.... ജീവിതവിജയം സുനിശ്ചിതം... എല്ലാ ആശംസകളും.... എല്ലാവർക്കും...

# പുസ്തകോത്സവം 2022






















## Avinash PV

(1 DC Development Economics)

1 കളിമൺ പ്രതിമ നിർമ്മാണം



## Bagyanandha.M

(1 DC Microbiology)

മോഹിനിയാട്ടം 2

ഭരതനാട്യം 3



## Anjana P Suresh

(1 DC BBA)

3 കവിതാലാപനം മലയാളം

3 കവിതാലാപനം ഹിന്ദി



## Sreehari. M

(3 DC Computer Science)

നാടോടി നൃത്തം 2

**കണ്ണൂർ യൂണിവേഴ്സിറ്റി കലോത്സവത്തിൽ പയസിന്റെ അഭിമാനമുയർത്തിയ ബോധി അംഗങ്ങൾക്ക്**

# അഭിനന്ദനങ്ങൾ


തലമുറകൾ  കടന്നുപോയാലും
സർഗ്ഗാത്മകവർണ്ണം മങ്ങാതെ പയസ്സിന്റെ
വരാന്തകൾ ഇവിടെ എന്നുമുണ്ടാകും...